Registered No. M-4485

Madras War Review, Malayalam—16-6-1944

# യുദ്ധസഞ്ചിക

വോള്യം III]

മദിരാശി: 1944 ജൂൺ 16-ാംനു, വെള്ളിയാഴ്ച

[ലക്കം 41



## ഒരു പ്രശസ്ത വിജയം

ഇതു സഖ്യശക്തികളുടെ ഒരു പ്രശസ്ത വിജയമാണെന്നുള്ളതിന്നു സംശയമില്ല. ഇത്രമേൽ വീക്ഷണവിശാലവും, ആകാരോജ്ജ്വലവും, നിർവ്വഹണവിദഗ്ദ്ധവുമായ മറെറാരു സംരംഭം യുദ്ധചരിത്രത്തിൽ കാണുന്നില്ലെന്നു സമ്മതിക്കുകതന്നെവേണം.

ഏഴു ദിവസത്തെ ഈ വിമോചനാർത്ഥ യുദ്ധത്തിൽ, ഉത്തര ഫ്രാൻസിനെ ആക്രമിച്ച സഖ്യ സേനകളുടെ മഹത്തരമായ ഇംഗ്ലീഷു ചാനൽലംഘനവും, ഫ്രാൻസുതീരപ്രാപ്തിയും പരിപൂർണ്ണ വിജയത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു.

—മാർഷൽ സ്റ്റാലിൻ, പ്രവദ ലേഖകനുള്ള മറുപടിയിൽനിന്ന്

## ഉള്ളടക്കം


| | ഭാഗം |
| --- | --- |
| ഒരു പ്രശസ്ത വിജയം | 1 |
| സ്വാഗതം | 2 |
| ആഴ്ചക്കുറിപ്പുകൾ | 3, 4 |
| ഇററലിയിൻ രംഗം | 5, 6 |
| പടക്കളത്തിലേക്ക് | 7 |
| യു. എസ്. എസ്. ആർ... | 8, 9 |
| മോചനം | 10 |
| തപ്പോളിച്ചന്ദ്ര | 11 |
| പ്രേമ സാമ്രാജ്യം | 12 |



# എസ്. എസ്. എസ്.

ഇപ്പോൾ സമ്പാദിക്കുകയാണെങ്കിൽ നിങ്ങളുടെ ചെറിയ പുത്രിയുടെ വിവാഹം ഒരു സാമ്പത്തിക ഭാരമായിത്തീരുന്നതല്ലാ.

**ദേശീയ സമ്പാദ്യപ്പത്രം വാങ്ങുക**


### ലേഖകന്മാർക്ക്.

ലേഖനങ്ങൾ കഴിയുന്നതും വ്യക്തിയായി എഴുതിയയക്കണം. പദ്യങ്ങളാണെങ്കിൽ വരികൾക്കിടയിൽ കുറച്ചു സ്ഥലം വിട്ടെന്നു സൌകര്യമായിരിക്കും.

(യു.സ.പ.)

## സ്വാഗതം

(ശ്രീ കെ. കെ. നായർ.)

സ്വാഗതം യുദ്ധസഞ്ചികേ നിന-
ക്കേകിടുന്നതിമോദത്താൽ.
കാവ്യലോകാന്തരീക്ഷത്തിൽ വന്നു-
നവ്യതേജസ്സമാർന്നുടൽ;
മാതൃഭൂമിക്കു മാരണമേകാൻ
കോപ്പുകൂട്ടുന്ന ചോരരേ
ആട്ടിപ്പായിച്ചു കീർത്തിചേർക്കുവാ-
നാർത്തുവന്നിതു സഞ്ചിക.
ഭാരതാംബതൻ ശോകത്തെത്തീർപ്പാൻ
ധീരതയോടെ വീരന്മാർ,
ആയിരക്കണക്കാഞ്ഞടുക്കുമ്പോൾ
ന്യായമോതുന്നു സഞ്ചിക.
അങ്കണത്തിങ്കലന്യനമായി-
ട്ടങ്കംവെട്ടുന്ന വീരരേ
സഞ്ചിക ചെറുലേഖനങ്ങളാൽ
നെഞ്ചിനാനന്ദമേറ്റുന്നു
ആസ്വാദ്യങ്ങളായുള്ള പദ്യത്താ-
ലാഹ്ലാദിപ്പിക്കുമൊത്തിടം,
മർത്ത്യജീവിതം സ്വാതന്ത്ര്യമായൊരു
തത്വമുള്ളതാണെന്നതും,
പഞ്ചഭൂതകദേഹം കേവല-
പഞ്ജരമല്ലെന്നുള്ളതും
ഭാവിലോകത്തിൽ മർത്ത്യാതീതമായ്
യാതൊന്നും തന്നെയില്ലെന്നും,
ലോകത്തിൽ മർത്ത്യൻ മാതൃകയെന്നും.
ഘോഷിക്കും യുദ്ധസഞ്ചിക
കേരള ഭാഷയായിട്ടും മല-
യാളത്തിലിന്നിങ്ങാദ്യമായ്
യുദ്ധസേവനം ചെയ്തിട്ടും ജന-
മദ്ധ്യത്തിലൊരു പൂവുപോൽ
സുമന്ദഹാസം പൂണ്ടുമെല്ലവേ-
യോടിയെത്തിടും സഞ്ചികേ!
നീയീലോകത്തിനാകമാനമായ്
പ്രീതി നൽകിടും നിർണ്ണയം.
സർവ്വോൽകർഷം നിനക്കു വന്നീടാൻ
സൽകീർത്തി വരുമേകിടും.
സ്വാഗതം യുദ്ധസഞ്ചികേ നിന-
ക്കേകിടുന്നതിമോദത്താൽ
സാദരം നിന്നെ ഞാൻ പുണർന്നിട്ട-
മേറും മോദത്താലെന്നുമേ.

# ആഴ്ചക്കുറിപ്പുകൾ

## ജർമ്മനിയിലെ അമ്പരപ്പ്—ദേശീയ നിരുന്മേഷം നിഷ്പക്ഷ പ്രചരണവും.

സ്വിററ്സർലണ്ടിന്റെ അതിർത്തികളിലെത്തിയിരിക്കുന്ന റിപ്പോർട്ടുകളിലെ, സഖ്യസൈന്യങ്ങൾ പടിഞ്ഞാറൻ മതിലുകളെ ഭേദിച്ചിരിക്കുന്നു എന്ന വാർത്ത, യഥാർത്ഥമായ ഒരു രണ്ടാം സമരമുഖാരംഭം ശരൽക്കാലത്തേക്കു നീട്ടിവെച്ചിരിക്കുന്നുവെന്നു അവിടുത്തെ ആളുകൾ വിശ്വസിച്ചിരുന്നതിനാൽ, ജർമ്മനിയിൽ വലിയ ഭയക്ഷോഭമുണ്ടാക്കിത്തീർത്തിരിക്കുന്നു എന്നു കഴിഞ്ഞ ഞായറാഴ്ചത്തെ ഒരു സൂറിച്ച് സന്ദേശത്തിൽ കാണുന്നു. ജർമ്മനിയിലെ പൊതുജനങ്ങളിൽ ഓരോരുത്തരും, "ലഫ്ററ് വാഫ് എവിടെപ്പോയിരുന്നു" എന്നു ഭയചകിതരായി ചോദിക്കുന്നു. യുദ്ധം ജർമ്മൻ അതിർത്തിയിലെത്തുമ്പോൾ ഒരുവേള ഉണ്ടായേക്കാവുന്ന യുദ്ധത്തടവുകാരുടേയും, വിദേശജോലിക്കാരുടേയും ലഹളയെ അമർത്തുന്നതിലേക്കായി, സകല വ്യവസായശാലകളിലേയും ജോലിക്കാരെ യുദ്ധസന്നദ്ധരാക്കിവരുന്നു എന്നു ഒരാൾ പറഞ്ഞതായി സൂറിച്ച് റിപ്പോർട്ടു കുറിക്കുന്നു. ഇതേമാതിരിയിലുള്ള അനവധി ഭാഗങ്ങൾ ജർമ്മൻ പത്രലേഖനങ്ങളിൽനിന്നും, ബർളിൻ പ്രക്ഷേപണങ്ങളിൽനിന്നും, ജർമ്മനിയുടെ ആസന്നാധഃപതനത്തെക്കുറിച്ചുള്ള നിഷ്പക്ഷനിരീക്ഷകന്മാരുടെ ലേഖനങ്ങളിൽനിന്നും, ഉദ്ധരിക്കാൻ കഴിയുന്നതാണ്. പക്ഷെ, ഇവയെയെല്ലാം അതേരീതിയിൽ വിശ്വസിക്കാൻ നിവൃത്തിയില്ലെന്നു മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ, ജർമ്മനിയിലെ താക്കീതു നൽകുന്ന പത്രലേഖനങ്ങൾ പ്രത്യേകോദ്ദേശനിവൃത്തിക്കായി ജനങ്ങളെ പ്രേരിപ്പിക്കുവാൻ, പരമാർത്ഥാവസ്ഥയെ തടിപ്പിച്ചു കാണിക്കുന്നു. നിഷ്പക്ഷപത്ര നിരീക്ഷകന്മാരാകട്ടെ, എന്തെങ്കിലും ഒരു പ്രത്യേക സംഗതിയെക്കുറിച്ചു തങ്ങൾക്കുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിൽ, തങ്ങൾക്ക് നാസികളോടുള്ള വെറുപ്പിനെ വിശദീകരിക്കുമാറ്, അവയ്ക്കുള്ളതിൽ കൂടുതൽ പ്രാമാണ്യം കല്പിക്കുന്നു. ഉദാഹരണമായി, ബേൺ ടാഗ്‌വാഷ്ട് (Berne Tagwacht) എന്ന സ്വിസ്സ് പത്രം പടിഞ്ഞാറു ആസന്നമായ സഖ്യാക്രമണത്തെപ്പററി ജർമ്മൻകാർക്കുള്ള മനോഭാവത്തെപ്പററി ചർച്ചചെയ്യുമ്പോൾ, അവരുടെ ക്ഷീണത്തേയും, ഉദാസീനതയേയും കുറിച്ചു പറയുന്നു. "ഈ സന്ദർഭത്തിൽ, നിശ്ചിതവും, എതിർക്കാൻ കഴിയാത്തതുമായ വിവരങ്ങൾ ഞങ്ങൾക്കു കിട്ടീട്ടുണ്ട്. 'അവർ വരട്ടെ' എന്നുള്ള ഗോബ്ബൽസിന്റെ പോർവിളിക്കു മറുപടിയായി, 'അവർ വരികയാണെങ്കിൽ മാത്രം.....' എന്നു ആശ്ചര്യ്യ നെടുവീർപ്പോടുകൂടി മിക്ക ജർമ്മൻകാരും പറയുന്നു. ശത്രുക്കളുടെ പ്രചരണമുൾപ്പടെ സകല പ്രചരണങ്ങളും ജർമ്മനിയിൽ അനവധി ആഴ്ചകൾ പ്രചരിച്ചതിന്നുശേഷവും, അവിടെ അതിന്റെയാതൊരു ചിഹ്നവും ശേഷിപ്പിക്കാതെയാണു കണ്ടുവരുന്നതു്. ജർമ്മൻകാർ തളർന്നവശരായി. വലിയ നഗരങ്ങളിലെ പൊതുജനോന്മേഷോത്സാഹാദികൾ എങ്ങിനെയിരിക്കുമെന്നു ജെസ്റ്റാപ്പോ പറഞ്ഞതരും. കറുത്ത സേന (എസ്. എസ്.)ക്കു വേണ്ടതിലധികം ജോലിയുണ്ടു്. അങ്ങിനെയിരിക്കെ, ബർളിൻപോലുള്ള ഒരു വലിയ പട്ടണത്തിൽ രണ്ടു ഡസൻ ആളുകൾ 'കണ്ടുപിടിക്കാൻ കഴിയാത്തവിധം' അപ്രത്യക്ഷമാകുകയാണെങ്കിൽ, ഈ ഭാഗ്യദോഷികൾക്കു എന്തു സംഭവിച്ചിരിക്കുമെന്നു ഊഹിക്കുവാൻ വളരെ എളുപ്പമാണ്. ഭടന്മാരുടെ ശൌര്യവീര്യാദികളെല്ലാമിരിക്കെ കൂടി, 'ഭീതിയോടുകൂടിയ നാശമാണ്, നശിക്കാത്ത ഭീതിയേക്കാൾ ഭേദം...' എന്നു വാക്യങ്ങളിലടങ്ങിയ തത്വത്തെ സൂചിപ്പിക്കുന്നതായ ഒരന്തരീക്ഷം അവിടെ ഉണ്ടായിത്തീർന്നിരിക്കുന്നു. 'അവർ വന്നിരുന്നെങ്കിൽ അപ്പോഴെങ്കിലും എല്ലാം കഴിയുമല്ലോ' എന്നാണ് പലകാലത്തെ യുദ്ധശേഷം യൂറോപ്പിന്റെ മുക്കാൽഭാഗം പിടിച്ചടക്കിയ ഈ ആളുകൾ വിചാരിക്കുന്നതു്" എന്നു് ആ പത്രം രേഖപ്പെടുത്തിയിരിക്കുന്നു.

## സഖ്യവിമാനാക്രമണത്തിന്റെ ഫലങ്ങൾ.

ജർമ്മനിയിൽനിന്നു ഈയിടെ മടങ്ങിവന്ന ഒരു ലേഖകന്റെ ഒരു ലേഖനം ഇക്കഴിഞ്ഞ മേ മാസം 23-ാം തിയ്യതി, മറെറാരു സ്വിസ്സ് വർത്തമാനപത്രത്തിൽ കാണുകയുണ്ടായി. സഖ്യവിമാനങ്ങൾ ജർമ്മനിയിലെ ചില വ്യവസായ കേന്ദ്രങ്ങളിൽ വരുത്തിക്കൂട്ടിയിട്ടുള്ള നാശങ്ങളുടെ ഒരു സജീവവിവരണം തരുന്നതോടുകൂടി, അവിടുത്തെ ആളുകളുടെ ബലമായ എതിർപ്പിന്നുള്ള ആസക്തിയെ നശിപ്പിക്കുവാനോ, വാസസ്ഥലങ്ങൾ നഷ്ടപ്പെട്ട വ്യവസായശാലകളിലെ ജോലിക്കാർ ജോലി വിട്ടോടിക്കുവാനോ നമ്മുടെ വിമാനാക്രമണക്കാർക്കു സാധിച്ചിട്ടില്ലെന്നു കൂടി അയാൾ പറയുന്നു. സഖ്യവിമാനാക്രമണങ്ങളുടെ മുഖ്യോദ്ദേശം ജനങ്ങളുടെ മൌലികസ്ഥൈര്യം നശിപ്പിക്കുകയെന്നതാണെന്നു അയാൾ വിചാരിക്കുന്നതു ശുദ്ധമേ അബദ്ധമാണ്. എന്തുകൊണ്ടെന്നാൽ, അവരുടെ മുഖ്യലക്ഷ്യം, കഴിയുന്നത്ര യുദ്ധസാമഗ്രികളുണ്ടാക്കുന്ന വ്യവസായശാലകൾക്കും, റെയിൽവേകൾക്കും നാശം വരുത്തുകയെന്നതാ

ണ്. പട്ടണത്തിലെ ജോലിക്കാരുടെ 'മിക്കവാറും വിശ്വസിക്കാൻ കഴിയാത്തമാതിരിയുള്ള ദാർഢ്യ'ത്തെപ്പററി ആ ലേഖകൻ പ്രശംസിക്കുകയും, ഈ വിമാനാക്രമണം, പ്രസ്തുത മനോദാർഢ്യത്തെ നാമാവശേഷമാക്കുവാൻ അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നു പറയുകയും ചെയ്യുന്നു. 'ഒരു ബോംബുവർഷത്തെ ധൈര്യപൂർവ്വം എതിരിടുന്നതിനും, നിരവധി മാസക്കാലത്തെ വിമാനാക്രമണത്തെ പരിപൂർണ്ണമായി നേരിടുന്നതിനും തമ്മിൽ വലിയ അന്തരമുണ്ട്. . . . .' എന്ന് അയാൾ അഭിപ്രായപ്പെട്ടു കാണുന്നു. പരമാർത്ഥത്തിൽ, ആകാശയുദ്ധം ജീവിതത്തിൽ സർവ്വോപരി മുന്തി നില്ക്കുന്നു. സമരനിരകളിലും രാഷ്ട്രീയ കാര്യങ്ങളിലുമുള്ള മററു സംഭവങ്ങളെ പിന്നണിയിലേക്കു തള്ളുന്ന ഇന്നത്തെ പ്രധാന സംഭാഷണ വിഷയവും ഇതുതന്നെയാണ്:”

### ജർമ്മൻവ്യവസായശാലകളിലെ വിദേശ ജോലിക്കാർ

ജർമ്മൻ വ്യവസായശാലകളിലെ ജോലിക്കാരെപ്പററി ചിന്തിക്കുമ്പോൾ അവരിൽ ഒരു ഗണ്യമായ വിഭാഗം, സൂറിച്ചിലെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളപോലെ, വിദേശീയരാണെന്നു പറയാം. യൂറോപ്പിലെ സകല പ്രദേശങ്ങളിൽനിന്നുംവന്നിരിക്കുന്ന 6,500,000 ഓളം ജോലിക്കാരുടെമേൽ പോലീസുകാർക്കുണ്ടായിരുന്ന നിയന്ത്രണത്തെ കുറച്ചിരിക്കുന്നതു് ഗണ്യമായ ഒരു സംഭവമാണ്. ഈ പണിക്കാരുടെ നേരേയുള്ള പെരുമാററത്തെപ്പററി ചില ജർമ്മൻകാരുടെ അവകാശങ്ങൾ ഒന്നു പരിശോധിക്കാം. “ജർമ്മനിയിലെ ഇപ്പോഴത്തെ വിദേശജോലിക്കാർ, ഒരു വലിയ തറവാട്ടിലുള്ളവരാണെന്നു കരുതുന്നു. അവർക്കു നല്ല ഗൃഹങ്ങളുണ്ട്, സുഖജീവിതത്തിന്നു വേണ്ട സകലതുമുണ്ട്” എന്നു ഈയിടെ ബർളിനിൽനിന്നു ഹംഗറിക്കാർക്കായി ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗത്തിൽ കണ്ടു. ഒരു മാസത്തിന്നു മുൻപു ഹാംബർഗിൽനിന്നു ലേബർ മന്ത്രി സാക്കൽ (Sauckel) ചെയ്ത പ്രസംഗത്തിൽ, “ദേശീയ സോഷ്യലിസാദർശം, അതേ ആദർശത്താൽ പ്രചോദിതരായ വിദേശീയ ജോലിക്കാരുടെ പരിശ്രമത്തിന്റെ പിന്നിലും ഉണ്ട്. അവരും തങ്ങളുടെ ജർമ്മൻ സഹപ്രവർത്തകരോടു കിടപിടിക്കാൻ ശ്രമിക്കുന്നുണ്ട്. അവരിൽ മിക്കവരും ജർമ്മൻകാർക്കു തുല്യമായ തോതിൽ പരിശ്രമ ഫലം കാണിക്കുന്നുമുണ്ട്. ആഹാരവും, താമസസ്ഥലവും, സുഖവുമാണ് പ്രാഥമികാവശ്യങ്ങൾ. ആക്രമികളെ കഠിനമായി ശിക്ഷിക്കേണ്ടതാണെങ്കിലും, മര്യാദക്കാരായ വിദേശീയരോടു നമുക്കു ന്യായസ്ഥരായിരിക്കേണ്ടതുണ്ട്” എന്നു പ്രസ്താവിച്ചിരിക്കുന്നു. “ജർമ്മനിയിൽ ജോലി ചെയ്തിരുന്ന ഒരു സോവിയററു പൌരനും മുൻപു ആക്രമണങ്ങൾ ചെയ്കയോ കമ്മ്യൂണിസം പ്രചരിപ്പിക്കുകയോ ചെയ്തിട്ടില്ല” എന്നു മേയി 4-ാം തിയ്യതിയിലെ ഒരു വിദൂര പൌരസ്ത്യ രാജ്യത്തേക്കുള്ള അറിയിപ്പിൽ കാണുന്നു.

### ജർമ്മനിക്കകത്തുള്ള ശല്യം—അധികൃതരുടെ ചുമതല

ആ ചിത്രത്തിന്റെ മറുപുറം, അർബിട്ടാൻ എന്ന പത്രികയിൽ ഒരു സ്വീഡിഷ് സഞ്ചാരി പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽനിന്നു വിശദമാകുന്നുണ്ട്. “ആയിരക്കണക്കിന് റഷ്യയിലെ സ്ത്രീപുരുഷന്മാർ അവരുടെ ജോലിസ്ഥലങ്ങളിൽനിന്നു അപ്രത്യക്ഷരാകുന്നു. വിശ്വാസ്യമായ പ്രസ്താവനകളിൽനിന്ന്, ഏകദേശം 50,000 ആളുകൾ തങ്ങളുടെ ജർമ്മൻ ജോലിസ്ഥലങ്ങളെ വിട്ടു സ്വദേശത്തേക്കു ഓടിപ്പോകുകയാണെന്നു മനസ്സിലാക്കാം,” എന്നു അദ്ദേഹം പറയുന്നു. വിദേശികളുടെ ആക്രമണങ്ങളുടെ ഫലമായി രാജ്യത്തെ മൊത്ത ഉല്പാദനം 6 ശതമാനക്കണക്കിലെങ്കിലും കുറഞ്ഞിട്ടുണ്ടെന്നു ഡീററാററ് (Dietat)ന്റെ ബർളിൻ ലേഖകൻ സൂചിപ്പിച്ചിട്ടുണ്ട്. “വിദേശീയ ജോലിക്കാരുടെ പെരുമാററം അസഹ്യമായിത്തീർന്നിരിക്കുന്നു, പക്ഷെ നമുക്കു അവരെ കൂടാതെ കഴിയാൻ നിവൃത്തിയില്ലെന്നു അവർക്കറിയാവുന്നതുകൊണ്ടു, അതിന്നു ഒരു പരിഹാരവുമില്ല,” എന്നു ഒരു ജർമ്മൻ വ്യവസായിയുടെ പ്രസ്താവന അയാൾ ഉദ്ധരിക്കുന്നു. പല വ്യവസായശാലകളും വിദേശജോലിക്കാർ ആർ. എ. എഫ്. വിമാനങ്ങളുടെ വരവിനു മുൻപുതന്നെ തീ വെച്ചു നിശ്ശേഷം നശിപ്പിച്ചിട്ടുണ്ട്. തീ കൊളുത്തിയതിനാൽ ബോംബറുകൾക്കു അവ ശരിയായ ലക്ഷ്യങ്ങളായിത്തീർന്നു.

ജർമ്മൻ രാജ്യാതിർത്തിയിലുള്ള പ്രസ്തുത ശല്യത്തെപ്പററി ജർമ്മൻ അധികൃതന്മാർ വളരെ ഗൌനിച്ചുവരുന്നു. കുറച്ചു മുൻപു, ബ്രിമെൻ എന്ന സ്ഥലത്തുവെച്ചു നടന്ന ഒരു നാസി ഉദ്യോഗസ്ഥസമ്മേളനത്തിൽവെച്ച്, നിരവധി വിദേശ ജോലിക്കാരുണ്ടെന്നിരിക്കിലും രാജ്യത്തു സമാധാനവും ശാന്തതയും സ്ഥാപിക്കുന്നതാണെന്ന് പൊതുജനങ്ങളെ ഉത്ബോധിപ്പിക്കുവാൻ വേണ്ട സകല ശ്രമങ്ങളും ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു.

ഈ സകല സൂചനകളിൽനിന്നും, ജർമ്മൻ ദേശീയനിര പെട്ടെന്നു പൊളിയുന്നതല്ലെന്നോ, അഥവാ, അതിന്റെ അധഃപതനം വളരെ വിചിത്രമായിരിക്കുമെന്നോ മനസ്സിലാക്കാം. ക്രമേണ അതു് നിശ്ശേഷം മന്ദീഭവിച്ചേക്കാനാണിടയുള്ളതു്.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 ജൂൺ 16-ാംനു-, വെള്ളിയാഴ്ച

## ഇററാലിയൻ രംഗം

സഖ്യസൈന്യങ്ങളുടെ ഇററാലിയൻ ആക്രമണത്തെപ്പററി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ജർമ്മൻകാരുടെ തിരിഞ്ഞോട്ടവും, ഐക്യകക്ഷികളുടെ അഞ്ചാം സൈന്യത്തിന്റെ ഗംഭീര പുരോഗമനവുമാണ് ഈ ആഴ്ചത്തെ പ്രധാന സംഭവങ്ങൾ. ടൈബർ നദിയുടെ പടിഞ്ഞാറുള്ള യുദ്ധരംഗത്തിൽ വോൺ മാക്കൻസെന്നി(Von Machensen)ന്റെ നേതൃത്വത്തിലുള്ള പതിനാലാം പടയെ, ജനറൽ മാർക്ക് ക്ലാർക്കിന്റെ (General Mark Clark) കീഴിലുള്ള നമ്മുടെ 5-ാം സൈന്യം, ഉഗ്രസമരത്തിന്നു ശേഷം, തോല്പിച്ചോടിച്ചിരിക്കുന്നു. വിറേറർബോ, ടസ്കേനിയ, ടാർക്വിനിയ തുടങ്ങിയ സ്ഥലങ്ങൾ അവരധീനപ്പെടുത്തുകയും ചെയ്തു. ടൈബറിന്റെ കിഴക്കൻ രംഗത്തിലും യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. അവിടെയും ഏതാനും പട്ടണങ്ങൾ നമ്മുടെ സൈന്യങ്ങൾ പിടിച്ചടക്കിയിട്ടുണ്ട്. ആഡ്രിയാററിക്ക രംഗത്തിൽ ഫോറോ നദി കടന്നു ഗിലിയാനൊ(Giuliano), ഗാർഡിയാഗ്രീൽ (Guardiagrele), ഒർസോഗ്നാ (Orsogna) എന്നീപ്പട്ടണങ്ങളും പിടിച്ചിരിക്കുന്നു. ഈ രംഗത്തിൽ ദ്രുതഗതിയിൽ പിന്നോട്ടോടുന്ന ജർമ്മൻ സൈന്യത്തെ ഐക്യസൈന്യങ്ങൾ പെസ്കാര (Pescara) യുടെ ദക്ഷിണ ഭാഗംവരെ ഓടിച്ചിരിക്കുന്നു. വോൺ മാക്കൻസെന്നിന്റെ സൈന്യം മിക്കവാറും നാമാവശേഷമായെന്നു പറയാം. റോമിൽനിന്ന് 75 മൈലപ്പുറം ഇനിയും ശത്രുക്കൾ പിന്നോട്ടോടിക്കൊണ്ടിരിക്കുന്നു. ടൈബറിന്റെ കിഴക്കു വശത്തുള്ള കാൻറലൂപ്പോ (Cantalupo) ഐക്യ സൈന്യങ്ങളുടെ അധീനത്തിലായി.

ബൊൽസീനാതടാകത്തിന്റെ (Lake Bolsena) തെക്കുകിഴക്കുള്ള പ്രധാന ഗതാഗത സന്ധിയായ മോണ്ടിഫിയാസ്കോൺ (Monte Fiascone) ഐക്യസൈന്യങ്ങളുടെ കൈവശമായിട്ടുണ്ട്. പ്രസ്തുത തടാകത്തിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങൾ ഉഗ്രസമരശേഷം ഐക്യസൈന്യങ്ങൾ പിടിച്ചതായി ജർമ്മൻ കമ്യൂണിക്കയിൽനിന്നുതന്നെ തെളിയുന്നുണ്ട്. പെസ്കാര നദി കടന്നു ഇന്ത്യൻ സൈന്യങ്ങൾ ചിയററിയുടെ (Chieti) തലസ്ഥാനം കൈവശപ്പെടുത്തിയിരിക്കുന്നു. ജർമ്മൻകാർ വില്ലാമഗ്നാ (Villa Magna) വിട്ടോടിപ്പോയിക്കഴിഞ്ഞു. സൽമോണ (Sulmona) യിലെ പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗങ്ങളിൽനിന്നു നാലുമൈലകലെയുള്ള പാസെൻട്രൊ (Pacentro) എന്ന സ്ഥലം ഐക്യസൈന്യങ്ങളധീനമാക്കി. അവസാനൊ (Avazzano) രംഗത്തിൽ ഐക്യകക്ഷികൾ പുരോഗമിക്കുന്ന വേഗത്തിൽതന്നെ ജർമ്മൻകാർ തിരിഞ്ഞോടുന്നുമുണ്ട്. പെസ്കാര-റോം റോഡിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം പിടിച്ചതിനെത്തുടർന്ന്, ഏതാണ്ടു നാലയ്യായിരം ഏക്കർ അതി ഫലപുഷ്ടമായ സ്ഥലങ്ങൾ നമ്മുടെ എട്ടാം സൈന്യം പിടിച്ചെടുത്തിട്ടുണ്ട്. ഭക്ഷണസാമഗ്രികൾ ധാരാളം ലഭിക്കുന്നതിന്നു സാധിക്കുന്നതിനാൽ, ഇതിന്റെ പ്രാധാന്യം വെളിവാകുന്നതാണല്ലോ. ഇവകൂടാതെ, അഞ്ചാം പട മററനവധി രംഗങ്ങളിലും വിജയങ്ങൾ നേടിവരുന്നു.

ബൊൽസീന തടാകത്തിന്റെ സമീപത്തിലുള്ള ഐക്യവിജയങ്ങൾ അതിവേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓർബററലൊ (Orbettallo) യിൽ ജർമ്മൻകാർ ചെറുത്തുനില്ക്കുന്നുണ്ടെങ്കിലും, കാപ്പെല്ലും (Cappelle) പെസ്കാറക്കു വടക്കുള്ള പരിസര ഗ്രാമങ്ങളും ഐക്യസേനകൾ പിടിച്ചു കഴിഞ്ഞു. റോം-പെസ്കാറാ റോഡിൽകൂടി പുരോഗമിച്ചു കാർസോളി (Carsoli) യും നമ്മുടെ സൈന്യങ്ങൾ പിടിച്ചു. ബോൽസിനാ തടാകത്തിന്റെ പടിഞ്ഞാറൻ തീരം വഴി അഞ്ചാംപട ജർമ്മൻ സൈന്യത്തെ തുരത്തി വലേൻറാനൊ (Valentano) കൈവശപ്പെടുത്തിയിരിക്കുന്നു. ഇത്രയും സൈനിക ഗതികൾകൊണ്ട് ഐക്യസൈന്യങ്ങൾ ബോൽസിനായെ ഏറെക്കുറെ ചുററിക്കഴിഞ്ഞതായി കണക്കാക്കാം. തീരപ്രദേശങ്ങളിൽ കൂടി പുരോഗമിക്കുന്ന അമേരിക്കൻ സൈന്യങ്ങളുടെ പിന്നിൽകൂടി ഒരു നാവിക സൈന്യവിഭാഗം ശത്രുക്കൾക്കു വലിയ നാശങ്ങൾ വരുത്തിക്കൂട്ടുന്നു.

ആഡ്രിയാററിക്ക് രംഗത്തു യുദ്ധം ചെയ്യുന്ന ഐക്യ സൈന്യങ്ങൾ സലൈൻ നദി (Saline River) കടന്നു പൊപ്പൊളി (Popoli) യെന്ന ഗതാഗത കേന്ദ്രം പിടിച്ചിരിക്കുന്നു. ശത്രുക്കൾ ടെർണിക്കു സമീപമായി ചെറുത്തുകൊണ്ടേയിരിക്കുന്നു. ഇവിടെയും, വേറെ ചിലടത്തുമുള്ള ശത്രുവിന്റെ എതിർപ്പിനെ ഐക്യസേനകൾ വിഫലമാക്കുന്നു. റോമിനു വടക്കും മദ്ധ്യ ഇററലിയിലുമുള്ള റെയിൽവെകൾ, പാലങ്ങൾ, വെടിക്കോപ്പു സ്ഥലങ്ങൾ തുടങ്ങിയ ശത്രുവിന്റെ ശക്തികേന്ദ്രങ്ങൾ ഐക്യസൈന്യങ്ങളുടെ ബോംബിങ്ങിനു വിധേയമായി.

ഇവകൂടാതെ യൂഗോസ്ലാവിയയിലും ഹംഗറിയിലും ഉള്ള ശത്രുകേന്ദ്രങ്ങളിലും നമ്മുടെ സൈന്യങ്ങൾ ആക്രമണം നടത്തിയിട്ടുണ്ട്.

അതിപ്രധാന ഗതാഗതകേന്ദ്രമായ ടർണി (Terni) പിടിച്ചു കഴിഞ്ഞതായും അറിവുകിട്ടിയിരിക്കുന്നു. ഇതിൽ നിന്നെല്ലാം ഇററാലിയൻ രംഗത്തിൽ ഐക്യകക്ഷികൾക്കുണ്ടാകുന്ന സർവ്വതോമുഖമായ വിജയം പ്രസ്പഷ്ടമാകുന്നു.

## രണ്ടാം സമരമുഖം

പുതിയ സമരമുഖമാരംഭിച്ചിട്ട് ഒരാഴ്ചയിലധികമായി. ഇരുകക്ഷികളും തമ്മിലുള്ള പോരാട്ടം അതിഭയങ്കരമായി നടക്കുന്നുണ്ടെന്നുള്ളതിലേക്കു തെളിവുകൾ ധാരാളമുണ്ട്. പടക്കപ്പലുകളും, വിമാനങ്ങളും ഐക്യകക്ഷികൾക്കു ധാരാളമുണ്ടെങ്കിൽ, ഉറപ്പിച്ചുകെട്ടിയിട്ടുള്ള ശത്രുക്കളുടെ കോട്ടകളെയാണ് ആദ്യമായെതിരേക്കേണ്ടതെന്നോർമ്മിക്കണം. നാലു കൊല്ലത്തിനുള്ളിൽ അററ്ലാൻറിക്കു തീരം മുഴുവൻ നാസികൾ കോട്ട കെട്ടിയുറപ്പിച്ചിട്ടുണ്ട്. അതിൻെറ ബലം കുറഞ്ഞ ഒരു ഭാഗമാണ് നോർമൺഡി. അതുകൊണ്ടാണ് ഐക്യസൈന്യങ്ങൾ അവിടെയിറങ്ങിയിരിക്കുന്നത്. അതിവേഗത്തിൽ പുരോഗതിയുണ്ടാകുമെന്നു വിചാരിക്കുന്നത് വിഡ്ഢിത്തമാണ്. കടൽ സൈന്യം ജർമ്മനിക്കു കുറവായതിനാലാണ് അവർ തീരപ്രദേശം കോട്ടകളാൽ സുരക്ഷിതമാക്കാൻ ശ്രമിച്ചത്. ഐക്യകക്ഷികളുടെ പുരോഗതിയെ തടയാനായി ഒരു പ്രളയമുണ്ടാക്കിയതായും ഒരു ശ്രുതിയുണ്ടായി. ഒടുവിലത്തെ കൈയാണ് ഈ പ്രയോഗം. അതിനാൽ നിവൃത്തിയില്ലെങ്കിൽ മാത്രമേ അവർ ഇളച്ചു കൊടുക്കുകയുള്ളുവെന്നു തെളിയുന്നു. അതിസാഹസത്താലും, തീവ്രയത്നത്താലുമല്ലാതെ, തള്ളിക്കയറാൻ ഐക്യകക്ഷികൾക്കു സാധ്യമല്ലെന്നുള്ളതും ഓർമ്മിക്കേണ്ടതാണ്. വിമാന സേനയിൽ ഐക്യകക്ഷികൾ ജർമ്മൻകാരെക്കാൾ എത്രയോ മുന്തിനില്ക്കുന്നു. റോമൽ തുടങ്ങിയ സേനാനായകന്മാരുടെയും, കരസൈന്യത്തിൻെറയും പ്രാഭവത്തെ ആശ്രയിച്ചിരിക്കും നാസികളുടെ വിജയം. കരയിലും, കടലിലും, ആകാശത്തിലും വേണ്ടുന്ന ഒരുക്കത്തോടുകൂടിയാണ് പുറപ്പെട്ടിരിക്കുന്നത്. 13 നാഴിക തള്ളിക്കയറിയെന്നുമാത്രമല്ല, ഉള്ളിലേക്കു ഒരു പാലാകൃതി ഊന്നിയിട്ടുമുണ്ട്. ഒരു നല്ല തുറമുഖം കൈവശമായാലേ തങ്ങളുടെ ബലം മുഴുവൻ കാട്ടാൻ ഐക്യസൈന്യങ്ങൾക്കു സാധിക്കുകയുള്ളു. അവരുടെ ലക്ഷ്യം ചെർബർഗാണ്. കഴിഞ്ഞേടത്തോളം ഐക്യകക്ഷികളുടെ ആക്രമണങ്ങൾ സ്തുത്യർഹമാണ്. ചെയ്തു വെച്ചിട്ടുള്ള ഒരുക്കങ്ങളാലോചിച്ചാൽ മേലിലും ഈ വിജയം തുടർന്നു പോകുന്ന സകല ലക്ഷണങ്ങളുമുണ്ട്.

## ആകാശത്തിലും, കടലിലുമുള്ള രക്ഷപ്പെടുത്തൽ

ആർ. എ. എഫ്. ലെ ഒരു വിമോചന സംഘക്കാർ പതിനാറു മണിക്കൂർ നേരത്തെ അന്വേഷണത്തിന്നു ശേഷം, സിലോണിൻെറ പടിഞ്ഞാറുവശത്തു സമുദ്രത്തിൽ വിമാനാപായത്തിൽപ്പെട്ടു മരിക്കാതെ ശേഷിച്ച രണ്ടു പേരെ രക്ഷപ്പെടുത്തിയിരിക്കുന്നു. വികടചിത്രവിദഗ്ദ്ധ (cartoonist) നെന്നു പേരുകേട്ട നോർത്തംബെർലണ്ട്കാരൻ സാർജൻറു ജെ. ഡി. ലിൻക്ലേറർ എന്നയാളായിരുന്നു ആ സംഘത്തിൻെറ നേതാവ്. ഉച്ചതിരിഞ്ഞു വളരെ വൈകിയാണ് പ്രസ്തുത വിമാനം സമുദ്രത്തിന്നു മുകളിൽ അപായത്തിലെത്തിയിരിക്കുന്നുവെന്ന വർത്തമാനം കിട്ടിയത്. മററൊന്നും അറിയാതെയായ ഉടൻ, വളരെ വേഗം കൂടിയ ഒരു രക്ഷണവഞ്ചി (Rescue Launch) അപായം നേരിട്ടതായറിഞ്ഞ സ്ഥലത്തിനടുത്തു കടലിലേക്കു, അന്വേഷണത്തിനായി അയച്ചു. രാത്രി പത്തരമണിക്കു വീണ്ടും ഒരു രക്ഷണവഞ്ചി കൂടെ ചെറിയ വള്ളങ്ങളുമായി, സഹായാർത്ഥം, ലിൻക്ലേററുടെ നേതൃത്വത്തിലയച്ചു. ആ ബോട്ടു സംഘത്തിൽ ചേരുന്നതിനായി ഒരു അഭ്യർത്ഥനയുണ്ടായിരുന്നതിൽ, ഈ രക്ഷണ സൈന്യത്തിലെ അംഗങ്ങൾ മാത്രമല്ല അനുഭാവം പ്രകടിപ്പിച്ചതു, പിന്നെയോ, ഒരു ബലൂൺ സംഘക്കാരിൽ വഞ്ചിവലിക്കാൻ പരിചയം സിദ്ധിച്ചിരുന്ന ഏതാനും ആകാശസൈന്യങ്ങളും ഉണ്ടായിരുന്നു. രാത്രി മുഴുവൻ അന്വേഷണം തുടർന്നു, പ്രഭാതമായപ്പോഴേക്കു വഞ്ചികളെല്ലാം യോജിച്ചു. രാവിലെ പത്തുമണിക്കു പന്ത്രണ്ടു സാധാരണ പരിശോധന വിമാനങ്ങൾ കൂടി അവയെ സഹായിക്കാനായി അയക്കപ്പെട്ടു; പതിനഞ്ചു മിനിട്ടിനു ശേഷം, ലിൻക്ലേററുടെ സംഘക്കാർ ഒരു ഒഴിഞ്ഞ രക്ഷാവഞ്ചി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതു കണ്ടു. അതിനുശേഷം അതിൽ പിടിച്ചു രക്ഷപ്പെട്ടവരേയും കണ്ടുപിടിച്ചു. അതിനകം അവർ പതിനെട്ടു മണിക്കൂർ നേരം കടലിൽ കിടന്നു കഴിച്ചുകൂടിയിരുന്നു. ആ സമയമെല്ലാം അവർക്കു ഒരു ജാതിമത്സ്യ (Dog fish) ത്തിൽ നിന്നുള്ള ഉപദ്രവമുണ്ടായിട്ടുണ്ട്.

### ഗൂർഖഭടന്മാരുടെ വിജയചിഹ്നം ജാപ്പാൻകാരുടെ വാളാണ്.

ഇരുനൂററിച്ചില്വാനം കൊല്ലം പഴക്കമുള്ളതും, ഏതോ ഒരു ജാപ്പാൻ രാജകുടുംബത്തിൻെറ വകയും, മനോഹരവുമായ ഒരു വാളാണ്, ഒരു ഗൂർഖ സൈന്യത്തിൻെറ അലങ്കാരമായിരിക്കുന്നത്.

ബർമ്മയിൽവെച്ചു ഒരു ജാപ്പാൻ സൈന്യവുമായി ഘോരയുദ്ധം ചെയ്തു ഒരു ഗൂർഖ ഹവിൽദാറാണ് ആ വാൾ പിടിച്ചെടുത്തതു്.

"ഈ വാൾ ആരുടെതെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, ഒരു ഉയർന്ന ഉദ്യോഗസ്ഥൻെറതായിരുന്നു എന്നതു തീർച്ചയാണ്. ഒരു ജാപ്പാനുദ്യോഗസ്ഥൻ ഞങ്ങളോടു പറഞ്ഞതല്ലാതെ, ആ വാളിൻെറ ചരിത്രത്തിനെപ്പററി യാതൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ."

വിമാനസൈന്യത്തിൽപെട്ട ചിൻഡിററ്സുകളുടെകൂടെ രണ്ടുമാസത്തിലധികം ബർമ്മയിൽ യുദ്ധം ചെയ്തിരുന്ന ഒരു സൈന്യവിഭാഗമാണ് ഈ വാൾ പിടിച്ചെടുത്തതു്.

### സർവ്വസൈന്യാധിപൻെറ മോട്ടോർ സൈക്കിൾ പരിവാരസംഘം.

സർവ്വസൈന്യാധിപനെ മോട്ടോർ സൈക്കിളിൽ അകമ്പടി സേവിക്കുവാനായി പഞ്ചാബിൽ, റോട്ടാക്കു ജില്ലയിലെ പർബോസ ഗ്രാമക്കാരൻ ലാൻസ്നായിക്ക് ഛെട്ടുറാം, പാട്യാലാ രാജ്യത്തിൽ, നാർനവുർ ജില്ലയിൽ, ഗാലി ഗ്രാമക്കാരൻ ലാൻസ് നായിക് മേലൻസിംഗ് എന്നു രണ്ടു യുവസൈനിക പോലീസുകാരെ അദ്ദേഹം അവരുടെ സൈനിക സംഘം സന്ദർശിച്ചവേളയിൽ തിരഞ്ഞെടുത്തിരിക്കുന്നു.

ഈ രണ്ടു ചുവന്ന തൊപ്പിക്കാരും 20, 21 വയസ്സു വീതം പ്രായമുള്ളവരും അഞ്ചു കൊല്ലത്തെ സേവനമനുഷ്ഠിച്ചവരുമാണ്.

# പടക്കളത്തിലേയ്ക്കു്

(ശ്രീ ജി. പി. ശങ്കരമംഗലം)

(നതോന്നത)

പരവശമനസ്വിയായ് പരിസരമതിൽവാഴും-
പതിയോടുമുഖിയായ് പറഞ്ഞു പത്നി,
"പടക്കളപ്പടഹത്തിൻ പടുരവം ഭവാനെയും-
ഭയപ്പാടിൻ പിടിയിങ്കൽപ്പെടുത്തിയെന്നോ?
അകൃത്രിമപ്രണയത്തിൻ പവിത്രതയിതാണെന്നോ,
അലക്ഷ്യമാണെന്നോ തവ മനുഷ്യജന്മം?
അലമല; മിത്രപാരമപമാനം പ്രിയനാഥാ!
കുലധർമ്മവിരോധമെന്നറിയുന്നീലേ?
പ്രണയത്തിൻമയക്കത്തിൽ സ്വധർമ്മത്തെ മറക്കുന്ന-
കണവന്റെ കഥയോർത്തു ചിരിക്കും ലോകം."

കരംകൊണ്ടു തലതാങ്ങി കണ്ണുനീരിൻനിരതൂകി-
ക്കദനഭാരത്താൽ സാധ്വി കുനിഞ്ഞിരുന്നാം.
ആദ്യമായി തൻഭർത്താവിൻ ജീവിതഭിത്തി
[മേൽ ദിവ്യ-
ചോദ്യചിഹ്നമാനുതാനേ വരച്ചപോലെ.

മധുരമാം പ്രണയത്തിൻ മണിനാദം കണക്കില-
മധുരമാം പ്രിയപത്നിശരങ്ങളം കേട്ടുകൊണ്ടു,
ഉചിതബോധനായ്, ധർമ്മനിരതനായ്, ഭവിച്ചോര-
പ്പതിയതിമുദിതനായ് പറകയായി—

"മതി മതി, മമ നാഥേ! മധുരംനിന്നുപദേശം
മതിമുഖി! നീയുമെന്നെ മനുജനാക്കി
അടക്കളശ്ലാഘംകേട്ടിട്ടടങ്ങി വാഴുവാൻമാത്ര-
മടിമത്വമിവനില്ലെന്നറിഞ്ഞു കൊള്ളു.
അടരിന്നു പുറപ്പെടാൻ മടിയേതുമെനിക്കില്ല
പടയെന്നാൽ മഹോത്സവസദൃശമത്രേ.
ചതിയരാം വിരോധികൾ സ്വരാജ്യത്തെ വള
[യുമ്പോൾ
"മധുവിധു" മധുരമായ് ഭവിപ്പീലാർക്കും,

യുവരക്തമിതെപ്പോഴും സ്വമാതൃഭൂരക്ഷണാർത്ഥ-
മുഴറുന്നു—തിളക്കുന്നു—കുതിച്ചിടുന്നു.
എങ്കിലും ഞാൻ പ്രണയത്തിൻ ശൃംഖലാബദ്ധനാ
[യല്പം-
പങ്കിലമാനസനായി ഭവിക്കമൂലം
മടിച്ചുപോയ്, മടവാരിൽമണിയാം നിൻ നിയോഗം,
[ഹാ-
പിടിച്ചെന്നെ സ്വധർമ്മത്തിലിരുത്തി വീണ്ടും,
വന്ദനം, നിന്നുചിതമാമുപദേശത്തിനു നാഥേ!
വന്ദനീയേ! നീതാനല്ലോ മാതൃകാപത്നി!
സങ്കടമെന്തിനുമേലിൽ, സുഭാഷിണിമണേ! വേഗം-
സമ്മതിച്ചു, സന്തോഷിച്ചു യാത്രയയക്കൂ."

കാതിണയ്ക്കു പീയൂഷമായ് കാന്തനോതും മൊഴി
[കേട്ടുകേ-
മോദപ്രേമജലധിയിൽ മുഴുകിത്തന്വി-
പ്രണയമുദ്രകളാകും ജയക്കൊടികളെക്കൊണ്ടു-
കണവപ്പൊൻമുഖം മുററുമലങ്കരിച്ചും,
പുളകാങ്കുരങ്ങളെങ്ങും കുളിർത്തും, പൂരിതപ്രേമ-
നിലയമാം ഹൃദയത്താൽ നിർവൃതിക്കൊണ്ടും,
ചഞ്ചലത്കൺകോണുകളാൽ ചാമീകരംവീശി നാഥ-
നെഞ്ചകത്തെക്കുളിർകാററിലാടിപ്പിച്ചുമേ,
നഖശിഖാന്തമായ് നാഥ ഹേമദേഹം പലവട്ടം-
സുകർമ്മശ്വരധ്യാനനിരതയായും,
അനുഗ്രഹിച്ചനുഗ്രഹിച്ചയച്ചു തൽഭർത്താവിനെ-
യടക്കളത്തിലേക്കെന്നേ പറഞ്ഞിടേണ്ടു. !!

ഈദൃശമാം ത്യാഗങ്ങളാലിന്ത്യാനാരീജനങ്ങളേ!
ഖ്യാതിയെന്നും നിങ്ങളൊത്തു വസിച്ചിടുന്നു.

-ശുഭം-

# യു. എസ്സ്. എസ്സ്. ആർ.

## (യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപബ്ലിക്ക്)

(തുടർച്ച)

വ്യവസായാവശ്യത്തിലേക്കുള്ള സകല അസംസ്കൃത സാധനങ്ങളും എപ്പോഴും ഉണ്ടായിരിക്കത്തക്കതായി ഒരു സ്ഥലം സോവിയററു റഷ്യയുടെ കിഴക്കൻപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. മെഷീൻനിർമ്മാണം, വാഹനനിർമ്മാണം, ആയുധ നിർമ്മാണം തുടങ്ങി, സാറിന്റെ കാലത്തില്ലാത്തതായ വിവിധവ്യവസായശാഖകൾ അനേകങ്ങളുണ്ടായിത്തീർന്നു.

കൃഷിസംബന്ധമായ പല പരിഷ്കരണങ്ങളും യന്ത്രങ്ങളും നടപ്പിൽ വരുത്തി കാർഷികജീവിതത്തിൽ വരുത്തിയ പുരോഗതിയാണ് ഇവയിലേററവും പ്രധാനമായതു്. വയലുകളിലെ കൃഷിപ്പണികൾക്കു് ഗണ്യമായ ലഘൂകരണവും സമയലാഭവും ഇങ്ങിനെ സാധിച്ചിട്ടുണ്ടു്. ഇങ്ങിനെ കൂട്ടുകൃഷിപദ്ധതിയിലുണ്ടായ പുനഃസംഘടനയുടേയും, രൂപീകരണത്തിന്റേയും ഫലമായി നാട്ടുപുറങ്ങളിലേയും പട്ടണങ്ങളിലേയും ജീവിതരീതി ആകെ വളരെ ഭേദമായിത്തീർന്നു.

ഇന്നത്തെ യുദ്ധം ആരംഭിച്ചതോടുകൂടി, സമരമുന്നണിക്കാവശ്യാർത്ഥം യു. എസ്സ്. എസ്സ്. ആർ-ന്റെ ദേശീയ സാമ്പത്തികസ്ഥിതി ആകെ ഒന്നു പുനസ്സംഘടിപ്പിച്ചു. സമാധാനകാലത്തെ ആവശ്യാർത്ഥം പല സാധനങ്ങളും നിർമ്മിച്ചുവന്നിരുന്ന അനേകം വ്യവസായ ശാലകൾ, ചെമ്പടയുടെ ആവശ്യത്തിനുള്ള സകല ആയുധങ്ങളും യുദ്ധോപകരണങ്ങളും നിർമ്മിക്കുന്നതിന്നായി വിനിയോഗിച്ചു. പടിഞ്ഞാറുനിന്ന് നാസികളുടെ ഉപദ്രവത്തേയും ആക്രമത്തേയും ഭയന്ന് പല വ്യവസായശാലകളും കിഴക്കൻ പ്രദേശത്തേക്ക് മാററ സ്ഥാപിച്ചു. വ്യവസായ ശാലകളും, അവയിലെ ജോലിക്കാരും എല്ലാം ഒരിടത്തുനിന്ന് മാററുകയെന്നതു് ഇത്ര വലിയ തോതിൽ, ലോകത്തിലെങ്ങും, ഇതിന്നു മുൻപുണ്ടായിട്ടില്ല.

### വാണിജ്യ സംഘടനകൾ

### (Trade Unions)

റഷ്യയിലെ വാണിജ്യസംഘങ്ങൾ മൊത്തമായി രൂപീകരിച്ചതു് 1905ലെ വിപ്ലവകാലത്താണ്. ആ വിപ്ലവത്തെ അമർത്തിയതോടുകൂടി, സാറിന്റെ ഗവർമെന്റ് ആ സംഘടനയേയും നാമാവശേഷമാക്കി. സാർഗവർമെന്റിന്റെ അധഃപതനശേഷം ഈ സംഘടനകളെല്ലാം വീണ്ടും സകല പട്ടണങ്ങളിലും വ്യവസായരംഗങ്ങളിലും തലയുയർത്തി. ആരംഭം മുതൽതന്നെ വിപുലമായ തോതിലായിരുന്നു അവർ ഈ സംഘടനകൾ രൂപീകരിച്ചിരുന്നതു്. ഇവയിലെ പ്രവർത്തകന്മാരെല്ലാം സ്വേച്ഛയാ ചേർന്നവരായിരുന്നു. ജാതി ദേശവിഭാഗാദി വ്യത്യാസങ്ങളൊന്നുമില്ലാതെ അതിലേക്കു അംഗങ്ങളെ ചേർത്തിരുന്നു. അതിലേക്കുള്ള പ്രതിമാസഫീസ് അംഗങ്ങളുടെ ശമ്പളത്തിന്റെയോ, കൂലിയുടേയോ, ഒരു ശതമാനമായി നിശ്ചയിച്ചിരുന്നു. ഓരോ സംഘടനയും തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിററിയുടെ മേൽനോട്ടത്തിലായിരുന്നു. ഇങ്ങിനെയുള്ള അനവധി സംഘടനകളാകട്ടെ ഒരു "യൂണിയൻ സെൻട്രൽ കൌൺസിൽ ഓഫ് ട്രെയിഡ് യൂണിയൻസ്" എന്ന ഒരു പൊതു കമ്മിററിയുടെയും ഭരണത്തിൻകീഴിലുമായിരുന്നു. ഓരോ വ്യവസായശാലയിലും, മില്ലിലും, ആഫീസിലും അവിടത്തെ പ്രവർത്തകർ തിരഞ്ഞെടുത്തിട്ടുള്ള ഒരു പ്രാദേശിക കമ്മിററിയുമുണ്ടായിരിക്കുന്നതാണ്. സോവിയററു വാണിജ്യ സംഘടനകൾ, അതാതിലെ അംഗങ്ങളുടെ വ്യക്തിപരമായ താല്പര്യങ്ങളെ ഗണിക്കുകയും, അവർക്കു വേണ്ടുന്ന പ്രായോഗികമായും ഉപദേശപരമായുമുള്ള സകല സഹായങ്ങളും ചെയ്യുകയും ചെയ്യുന്നു. സംഘത്തിലെ ഓരോ സംരംഭത്തിന്റെയും മെച്ചമായ സാഫല്യത്തിലേക്ക് മത്സരപ്രവർത്തനങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രസ്തുത സംഘടനകൾ തൊഴിലാളി സംഘങ്ങളിലേക്ക് പ്രതിനിധികളെ തിരഞ്ഞെടുത്തയക്കുന്നു. ഇങ്ങിനെയെല്ലാം സോവിയററ് രാഷ്ട്രസംബന്ധമായ ഒരുണർവ്വും, സ്വരാജ്യസ്നേഹവും അതിലെ സകല അംഗങ്ങളിലും ഉളവാക്കുകയും ചെയ്യുന്നു.

ദേശീയമായ സാമ്പത്തികോന്നമനത്തിന്നും ദൈനംദിനജീവിതരൂപീകരണത്തിന്നും, തൊഴിലാളികളായ സാമാന്യജനങ്ങളുടെ സംസ്കാരാഭിവൃദ്ധിക്കുമായി പൊതുജനങ്ങളെ സംഘടിപ്പിക്കുകയെന്നതാണ് ഈ സംഘടനകളുടെ മുഖ്യോദ്ദേശം. എല്ലാ സംരംഭങ്ങളിലും, ഭരണസമിതിയും തൊഴിലാളികളും തമ്മിലുള്ള അന്യോന്യസമ്മതപ്രകാരമാണ് കൂലിയും മററും നിശ്ചയിക്കുന്നതു. തൊഴിലാളി പ്രതിനിധീകരണവിഷയത്തിൽ വേണ്ട ഉത്തരവാദിത്വം ഇവരേറെറടുക്കുന്നു. രക്ഷാഭോഗവ്യവസ്ഥകളിലും വേണ്ട നിയന്ത്രണം ഈ സംഘടനകൾക്കുണ്ട്. പ്രസ്തുത സംഘടനകൾക്കു കൊല്ലത്തിൽ രണ്ടോ നാലോ ആഴ്ച അവധിക്കാലം ചെലവഴിക്കുന്നതിലേക്ക പ്രത്യേക സുഖവാസ സ്ഥലങ്ങൾ, അഭയസ്ഥാനങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ആതുരാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളുണ്ട്. സംഘടനാംഗങ്ങളുടെ ഫീസിൽനിന്നുണ്ടാകുന്ന ഫണ്ടുകൾകൊണ്ടു് ക്ലബ്ബുകൾ, കൊട്ടാരങ്ങൾ, വിലാസോദ്യാനങ്ങൾ ഇവയും നിരവധി തൊഴിലാളികൾക്കു സാംസ്കാരികമായി ഉപകരിക്കുന്ന വാണിജ്യസ്കൂളുകളും, പഠനക്ലാസ്സുകളും, കലാപരവും, അല്ലാതെയുമുള്ള വിദ്യാലയങ്ങളും ഉണ്ടാകുന്നു. ഇങ്ങിനെ, പ്രസ്തുത സംഘടനകളുടെ ഫണ്ടുകൊണ്ടുതന്നെ 6,000 കലാനിലയങ്ങളും, 15,000 ലൈബ്രറികളും, 10,000 സിനിമാ ഹാളുകളും നടന്നുവരുന്നു. വാണിജ്യ സംഘടനകൾക്കു കിട്ടുന്നതിന്റെ പകുതി പ്രയോജനമേ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സാധാരണക്കാർക്കു കിട്ടുന്നുള്ളു. രാജ്യത്തെ വ്യവസായീകരണത്തെത്തുടർന്നുണ്ടായ സാമ്പത്തികാഭിവൃദ്ധിനിമിത്തം, തൊഴിലാളികളുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും, വാണിജ്യ സംഘടനകൾ തങ്ങളുടെ രൂപീകൃതമായ നേതൃത്വം തൊഴിലാളികളുടെ ശ്രേയസ്സിന്നായി അവരുടെ മേൽ ചെലുത്തേണ്ടതു് ആവശ്യമായിത്തീരുകയും ചെയ്തു. ഇതിന്റെ ഫലമായി, അതിഭീമമായിരുന്ന അഖില-യൂണിയൻ-കേന്ദ്ര-വാണിജ്യ-യൂണിയനെ (All-Union Central Council of Trade Unions) ചെറിയതായി വിഭജിക്കുകയും, ഓരോ വിഭാഗത്തിനേയും അതാതു വ്യവസായ കേന്ദ്രസ്ഥലങ്ങളിലേക്കു മാററുകയും ചെയ്യേണ്ടിവന്നു. രാജ്യത്തെ ജനതയിൽ ഓരോ വ്യക്തിയുടേയും പ്രതിദിനാവശ്യമനുസരിച്ചുള്ള സംസ്കാരപരമായ ആവശ്യങ്ങളെ നേരിട്ടറിഞ്ഞു കൈകാര്യം ചെയ്യാൻ ഇങ്ങിനെയാണ അവസരമുണ്ടായതു്.

1924 ൽ 6,000,000 അംഗങ്ങളടങ്ങിയ 22 വാണിജ്യസംഘടനകളുണ്ടായിരിക്കെ, 1935 ൽ 20,000,000 അംഗങ്ങളുള്ള 154 സംഘടനകളാണുണ്ടായിരുന്നതു്. പ്രസ്തുത വാണിജ്യസംഘടനകൾക്കു ഗവൺമെന്റിന്റെ അധികാരങ്ങൾ ചില സംഗതികളിലുണ്ടായിരുന്നതിനാൽ, മുൻപു അമ്മാതിരി ഭരണം നടത്തിയിരുന്ന പൊതുജനമണ്ഡലം അനാവശ്യമെന്നു കരുതി നിർത്തപ്പെട്ടു. പൊതുജനങ്ങളുടെ രക്ഷാഭോഗസ്ഥാപനത്തിന്റെയും, അതിന്റെ നിധിയുടെയും ഉദ്ദേശങ്ങൾ ഈ സംഘടനകളിൽ സ്ഥാപിതമായി. അതിന്നു പുറമേ, വർക്ക്ഷാപ്പുകളുടെ ഭരണം സംബന്ധിച്ചും ഇവയ്ക്കു ചുമതലയുണ്ടു്. ഈ സംഘടനകളിലെ അംഗങ്ങളുടെ സംഖ്യ അനുക്രമം വളർന്നുകൊണ്ടുവരുന്നു. ചെമ്പടക്കു പല സഹായങ്ങളും പ്രസ്തുത സംഘടനകളിൽനിന്നു നേരിട്ടും, അവയുടെ ഭരണത്തിൻകീഴിലുള്ള ആതുരശാലകൾ, സുഖവാസസ്ഥാനങ്ങൾ മുതലായവയിൽനിന്നും, ലഭിച്ചുവരുന്നു. യുദ്ധത്തിൽ മുറിവേററും മററും അവശതപ്പെട്ട പല ഭടന്മാരും ഈ വക ആതുരശാലകളെ അഭയം പ്രാപിച്ചിരിക്കുന്നു. ഇതു കൂടാതെ സൈന്യത്തിൽ ചേർന്നിട്ടുള്ളവരുടെ കുടുംബാംഗങ്ങളുടെ ക്ഷേമത്തെക്കുറിച്ചും, ഈ സംഘടന പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ടു്.

1941 ൽ ഹിട്ലറോടു്, ഒത്തുചേർന്നെതിരിടുന്നതിന്നായി യു. എസ്. എസ്. ആർ. ലെ വാണിജ്യസംഘടന ഇംഗ്ലണ്ടിലെ വാണിജ്യസംഘടനയുമായി യോജിക്കുകയുണ്ടായി. ഹിററ്ലർ വിരോധികളായ സകല രാജ്യങ്ങളേയും സംഘടിപ്പിച്ചു്, തങ്ങളുടെ പൊതുശത്രുവിനെ കഴിയുന്നത്ര വേഗം തോല്പിക്കുകയെന്നതാണ് ഇതിന്റെ ഉദ്ദേശം.

### കൂട്ടകൃഷിസ്ഥലങ്ങൾ

സാറിന്റെ കാലത്തു കൃഷീവലന്മാർക്കു അസഹ്യമായ പരിതഃസ്ഥിതിയായിരുന്നു റഷ്യയിലുണ്ടായിരുന്നതു്. മിക്കവർക്കും കൃഷി ചെയ്യുവാൻ സ്വന്തം ഭൂമിയില്ലായിരുന്നു. അതല്ലാത്തപക്ഷം ചെറിയ ചെറിയ കൃഷിസ്ഥലങ്ങളുണ്ടായിരുന്നവയിൽ പഴയരീതിയിലുള്ള ആയുധങ്ങൾകൊണ്ടു്

കൃഷിപ്പണിയെടുക്കേണ്ടിയിരുന്നു. അക്ടോബറിലെ വിപ്ലവത്തിനുശേഷം, സാറിന്റെ കുടുംബത്തിലേതും, വലിയ ജന്മികളുടേതുമായി, കൃഷിക്കു പററിയ 150,000,000 ഹെക്ടേയർ സ്ഥലം, കൃഷിവലന്മാർക്കു കൃഷിചെയ്യുന്നതിന്നായി സൌജന്യമായികൊടുത്തു. ഗവൺമേൻറിന്റെ സഹായത്തോടുകൂടി ജനങ്ങൾ തങ്ങളുടെ നില ആകെയൊന്നു ഭേദപ്പെടുത്തി. പക്ഷേ ഓരോരുത്തരും തങ്ങളുടെ ചെറുവയലുകളിൽ പ്രത്യേകം പ്രത്യേകമായി കൃഷിനടത്തിയിരുന്നേടത്തോളം കാലം, ആധുനികവും ശാസ്ത്രീയവുമായ ആയുധങ്ങളൊന്നും കൃഷിക്കുപയോഗിക്കാൻ അവർക്കു കഴിഞ്ഞില്ല.

ഇത്തരുണത്തിൽ ശ്രേയസ്സിന്നും സംസ്കാരസമ്പന്നമായ ഒരു ജീവനത്തിന്നുമുള്ള മാർഗ്ഗം ലെനിൻ അവർക്കു കാണിച്ചുകൊടുത്തു. എല്ലാവരും ഒത്തുചേർന്നു, തങ്ങളുടെ വിഭവങ്ങളെ പൊതുഗുണത്തിന്നായി ഉപയോഗിച്ചെങ്കിലല്ലാതെ അവർക്കു ശ്രേയസ്സുണ്ടാവുകയില്ലെന്നു അദ്ദേഹം ഉപദേശിച്ചു. കൃഷിവലന്മാർ യോജിച്ചു, പുതിയ ശാസ്ത്രീയയന്ത്രങ്ങളെ ഉപയോഗിക്കാൻതക്കവണ്ണം തങ്ങളുടെ വയലുകളിൽ മൊത്തമായി കൃഷിനടത്തുകയാണു വേണ്ടതെന്നു അദ്ദേഹം പറഞ്ഞുകൊടുത്തു. സോവിയററ ലെ രാഷ്ട്രപത്തിലുൾപ്പെട്ട നിലങ്ങളിലെ കൃഷി അനുഭവത്തിൽനിന്നു്, വിപുലമായ സംഘടിത കൃഷിയായിരിക്കും ലാഭവും സൌകര്യവുമുള്ളതെന്നു അവർ മനസ്സിലാക്കി.

1928 ൽ ആദ്യത്തെ ലോകമഹായുദ്ധത്തിനു മുൻപുണ്ടായിരുന്നതിന്റെ നാലിരട്ടി യന്ത്രങ്ങൾ കൃഷിയാവശ്യത്തിലേക്കു നിർമ്മിക്കപ്പെട്ടു. ഇതിന്റെ ഫലമായി, വ്യക്തിപരമായ ചില്ലറ കൃഷി വിട്ടിട്ടു്; മൊത്തമായി വിപുലമായതോതിൽ കൃഷിചെയ്യുന്നതിന്നു സാദ്ധ്യമായി. കൃഷിവല പ്രമാണികളായ ചിലരുടെ എതിർപ്പിരുന്നിട്ടുകൂടിയും, അവിടത്തെ ചില്ലറ കൃഷിക്കാർ 1929 ൽ മൊത്ത കൃഷി പദ്ധതിയിൽ ചേർന്നു. കൃഷിപരമായ ഒരു സംഘടന ചേർന്ന അംഗങ്ങൾക്കെല്ലാം ഒരുപോലെ ഉപയോഗിക്കാൻ കഴിയുമാറു്, കൃഷിക്കുള്ള ഉപകരണങ്ങളെല്ലാം, ആ സംഘടനയുടെ മേൽനോട്ടത്തിലിരിക്കത്തക്ക ഒരു വ്യവസ്ഥയും അവർ ചെയ്യുകയുണ്ടായി.

യു. എസ്സ് എസ്സ് ആർ-ൽ ഭൂമി, ഗവമ്മേണ്ടിന്റെ വകയാണു്. പ്രത്യേകനിയമപ്രകാരം, അതിനെ മൊത്തകൃഷിക്കാർക്കു് സൌജന്യമായി, സ്ഥിരമായി വിട്ടുകൊടുക്കുന്നു.

## അംഗങ്ങളുടെ കടമയും അവകാശവും

“ഒരു മൊത്തകൃഷി നിയമ”ത്തിന്റെ നിയന്ത്രണത്തിൻ പടിയാണു്, കൃഷിസംബന്ധമായ സകല കടമകളും, വിഭജനവും, കരംകൊടുക്കലും, നടന്നുവരുന്നതു്. ഇതിലെ അംഗങ്ങളുടെ പൊതുയോഗത്തിന്റെ തീരുമാനപ്രകാരവും, അംഗീകാരമനുസരിച്ചുമാണു് അതിലെ നിയമങ്ങളെല്ലാം സ്വീകരിക്കപ്പെടുന്നതു്. ഈ നിയമങ്ങൾ പ്രസ്തുത പദ്ധതിയുടെ പ്രധാന ഭാഗങ്ങളെ മാത്രമേ സ്പർശിക്കുന്നുള്ളു. ഓരോ വീടിനോടും അനുബന്ധിച്ചു ഓരോ ചെറിയ തോപ്പുണ്ടായിരിക്കും. കൂടാതെ, ഓരോ സംയുക്തനിലത്തിലെ അംഗങ്ങളായ കുടുംബക്കാർക്കു പൊതുവേയായും, ഒരു നിലവും, സ്വത്തുക്കളും, കെട്ടിടങ്ങളും, ആടു്, മാടു്, കോഴി തുടങ്ങിയ കാലിവർഗ്ഗങ്ങളുമുണ്ടായിരിക്കുന്നതാണു്.

പ്രസ്തുത കൂട്ടകൃഷിക്കാർക്കു ഗവമ്മേണ്ടു വക യന്ത്രങ്ങളേയും അതിലെ ജോലിക്കാരേയും സഹായത്തിന്നായി നൽകിവരുന്നു. ഈ വക യന്ത്രങ്ങൾ നാട്ടിലെല്ലായിടത്തുമുണ്ടു്. കൂട്ടകൃഷി പ്രസ്ഥാനത്തിന്റെ ചട്ടപ്രകാരം, സർക്കാരിലേക്കാവശ്യമുള്ള എന്തെങ്കിലും സഹായം ചെയ്വാൻ അവരങ്ങോട്ടും ബാദ്ധ്യസ്ഥരാണു്. അതിലേക്കും, ഇമ്മാതിരിയുള്ള മററു കൂട്ട കൃഷി പ്രസ്ഥാനങ്ങൾക്കു വേണ്ടിവരുന്നതായാൽ എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുന്നതിലേക്കും, രക്ഷാഭോഗത്തിന്നും, വിത്തു ശേഖരിക്കുന്നതിന്നും, കൃഷിപ്പിഴവന്നാൽ ആയതിലെ കഷ്ടം തീർക്കാനും ഒക്കെയായി കൂട്ട കൃഷിയിലെ ആദായത്തിന്റെ ഒരംശം നീക്കിവെക്കാൻ നിയമമുണ്ടു്. അതുപോലെതന്നെ, അതിന്റെ ആദായത്തിന്റെ, മറെറാരംശം നികുതി കൊടുക്കുന്നതിന്നായും, കൃഷിയായുധങ്ങൾ നന്നാക്കുന്നതിന്നായും, വ്യവസായാവശ്യങ്ങൾക്കായും, കലാപോഷണാദികൾക്കായും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആദായത്തിന്റെ ഈ ചെലവുകൾ കഴിഞ്ഞു ബാക്കിയുള്ള ഭാഗം, കൂട്ട കൃഷിയിലെ ഓരോ വ്യക്തിയുടെയും ശ്രമത്തിന്നനുസരിച്ചു വീതിക്കപ്പെടുന്നു. വീതം വെക്കുന്നതിനുപയോഗിക്കുന്നതു് ഒരു നിശ്ചിത അളവാണു്. ജോലിയുടെ കാഠിന്യം, ഭൂമിയുടെ ഫലപുഷ്ടി, യന്ത്രങ്ങളുടെ ഉപയോഗം, തുടങ്ങി പല സംഗതിയെയും പരിഗണിച്ചു്, ഓരോ വ്യക്തിയിൽനിന്നു പ്രതിദിനം പ്രതീക്ഷിക്കുന്നതായി കണക്കായിരിക്കുന്ന ജോലിയുടെ തോതനുസരിച്ചാണു് “വർക്കു ഡെ യൂണിററ്” എന്ന ഈ അളവു നിശ്ചയിച്ചിരിക്കുന്നതു്. കൂട്ടകൃഷി സംഘത്തിലെ അംഗങ്ങളുടെ ഒരു യോഗത്തിൽ ചെയ്യുന്ന തീരുമാനമനുസരിച്ചാണു് ഇതു നടപ്പിലാക്കുന്നതു്. ഓരോ കൃഷിക്കാരനും ചെയ്യുന്ന ജോലിക്കനുസരിച്ചു കൂടിയോ കുറഞ്ഞോ ഇരിക്കും അയാളുടെ ആദായം. ആയതു കൊണ്ടു് യു. എസ്സ്. എസ്സ്. ആർ. ലെ കൃഷീവലന്മാരുടെ ഉത്സാഹം കൂടുകയും, തൽഫലമായി രാജ്യത്താകമാനം ശ്രേയസ്സു നാൾക്കുനാൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. 1932 ൽ 61·5-ം, 1938 ൽ 93·5-ം രാജ്യത്തെ മൊത്ത കൃഷി സ്ഥലങ്ങളുടെ ശതമാനഭാഗം സംഘടിതമായിത്തീർന്നിട്ടുണ്ടായിരുന്നു. 18,800,000 ചെറിയ ചെറിയ കൃഷിസ്ഥലങ്ങളുടെ സ്ഥാനത്തു അവയിൽ പലതും സംഘടിപ്പിച്ച 242,400 വലിയ വയലുകളായി 117,000,000 ഹെക്ടേർസു ഭൂമി കൃഷിചെയ്യപ്പെട്ടിരുന്നു. ഇങ്ങിനെ നാട്ടിലെ ക്ഷാമം നിശ്ശേഷം തീരുകയും, രാജ്യമെങ്ങും വിപുലമായ തോതിൽ ശാസ്ത്രീയമായ കൃഷിപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

ഫാസികളുടെ ആക്രമണം ഈ കൃഷിക്കു ഗണ്യമായ ഒരുടവു വരുത്തിയിട്ടുണ്ടു്. ശത്രു അധീനപ്പെടുത്തിയ പല സ്ഥലങ്ങളിലും, വിശേഷിച്ചു് യുക്രെയിനിൽ നേരിട്ട നഷ്ടത്തെ പരിഹരിക്കേണ്ടിവന്നു.

സോവിയററിലെ കൃഷീവലൻ സർവ്വവിധേനയും യുദ്ധപരിശ്രമങ്ങളെ സഹായിച്ചുവരുന്നു. തന്റെ പുത്രനെ യുദ്ധരംഗത്തിലേക്കയച്ചും, ഭക്ഷണപദാർത്ഥങ്ങളും ആയുധങ്ങളും അയച്ചുകൊടുത്തും, തന്റെ സ്വന്തസമ്പാദ്യങ്ങൾപോലും യുദ്ധകാര്യാർത്ഥം വിനിയോഗിച്ചും അയാൾ രാഷ്ട്രത്തെ സഹായിക്കുന്നു. ഉദാഹരണമായി സ്വന്തസമ്പാദ്യത്തിൽനിന്നു 100,000 റൂബിൾസ് യുദ്ധകാര്യാർത്ഥം സംഭാവന ചെയ്ത ഫെറപോണ്ട് ഗൊളവാടി (Ferapont Golovati) അവിടത്തെ ഒരു കൂട്ട കൃഷി പ്രസ്ഥാനാംഗമാണു്. അയാളെത്തുടർന്നു മററു പലരും കൂടി ചെംപടയുടെ നാനാ ആവശ്യങ്ങൾക്കായി 7,000,000,000 റൂബിൾസ് സ്വന്തസമ്പാദ്യത്തിൽനിന്നു കൊടുത്തിരിക്കുന്നു. ജർമ്മൻകാരുടെ ആക്രമണത്തോടുകൂടി കൂട്ടകൃഷി പ്രസ്ഥാനം പൊളിയുമെന്നും അതിനെത്തുടർന്നു സോവിയററു രാഷ്ട്രവും തവിടുപൊടിയാകുമെന്നും ശത്രു വിചാരിച്ചിരുന്നു. പക്ഷെ, ഇതു സ്വപ്നം ബദ്ധമായിപ്പോയി. നിയന്ത്രിതവും, ശാസ്ത്രീയവുമായി, ദൃഢമായി രൂപീകൃതമായ കൂട്ടകൃഷി പദ്ധതിയുടെ ഫലമായി, സമ്പൽസമൃദ്ധിയും, സംസ്കാരാഭിവൃദ്ധിയും നേടിയ യു. എസ്സ്. എസ്സ്. ആർ. ജനത, തങ്ങളുടെ സകലതും, ജീവൻതന്നെയും, രാജ്യരക്ഷക്കായി ബലികൊടുക്കാൻ സന്നദ്ധരാണു്.



ദക്ഷിണേന്ത്യയിൽനിന്നു് ഡെൽഹി സന്ദർശിക്കാൻപോയ സൈനിക സേവനസംഘം സ്ത്രീകൾ. ഡബ്ല്യു. എ. സി. Women's Auxiliary Corps (India) യിൽ ചേർന്നവരാണു്.

# മോചനം

## (സുഭദ്ര)

### അദ്ധ്യായം VI

വായനക്കാർ കുറച്ചു നേരത്തേക്കു ഇററലിയിൽനിന്നു മാറി നില്ക്കേണ്ടിയിരിക്കുന്നു. ചാരവൃത്തിയിലിരിക്കുന്നവൎക്കു സ്ഥലം മാററം ഇടയ്ക്കിടക്കു വേണ്ടിവരുമല്ലോ. സ്നേഹിതന്റെ തോളിൽ പിടിച്ചു നമ്മുടെ ഇംഗ്ലീഷു ചാരപ്രമാണി കഷ്ടിച്ചു കാറിലെത്തി. കൈകാലുകൾക്കു സ്വാധീനം കുറവായതുകൊണ്ടു, കാറിൽ കിടക്കുക തന്നെ വേണ്ടിവന്നു. സ്നേഹിതൻ കാറോടിക്കുവാൻ തുടങ്ങി. പോകുമ്പോൾ അവർ തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം നടന്നു:

ചാരൻ: എന്റെ തലക്കുമാത്രമേ വെളിവു കിട്ടിയിട്ടുള്ളു. എന്റെ ദേഹം പണ്ടത്തേ മട്ടിലാവാൻ എന്തെങ്കിലും മറുമരുന്നു ചെയ്യേണ്ടതായുണ്ടു്. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഒരു ഡാക്ടറെ കാണണം.

സ്നേഹിതൻ: അതിനി പാരീസിലെത്തിയിട്ടു മതി. ഇവിടെനിന്നു വേഗം കടന്നു കളയണം. അവർ ഇനി എന്താ ഭാവമെന്നു നമുക്കറിഞ്ഞുകൂടല്ലൊ.

ചാരൻ: എന്നാൽ നമുക്കുടനെ വിമാനത്താവളത്തിലേക്കു പോകാം.

സ്നേഹിതൻ: ഫ്രാൻസിലേക്കു പോകുന്നതു ഇപ്പോഴത്തെ എളുപ്പമല്ല. അവിടെയും സംഗതികൾ തല തിരിഞ്ഞതായി കേട്ടു. പാസ്സുപോർട്ട് മുതലായവക്കു ബുദ്ധിമുട്ടുണ്ടായേക്കാം. ഇററലിയും ഫ്രാൻസും തമ്മിൽ പണ്ടു തന്നെ ലോഹ്യമല്ലെന്നറിയാമല്ലോ.

ചാരൻ: അതുകട്ടെ, ഏതായാലും വിമാനത്താവളത്തിലേക്കു പോകുക തന്നെ. അവിടത്തെ ഉദ്യോഗസ്ഥന്മാരെ വശപ്പെടുത്തി കാൎയ്യം പററിക്കാം.

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോഴേക്കു കാർ വിമാനത്താവളത്തിലെത്തി. സ്നേഹിതനുടനെ വിമാനോദ്യോഗസ്ഥന്മാരെ കാണാനായിട്ടുപോയി. ടിക്കററു കൊടുക്കുന്നയാൾ, പാസ്സുപോർട്ട് കൊടുക്കുന്നയാളെ കാണാൻ ഇവരോടാവശ്യപ്പെട്ടു. അയാളെ കണ്ടപ്പോൾ "നിങ്ങൾ എത്രകാലമായി ഈ ദിക്കിലേക്കു വന്നിട്ടു്, ഫ്രാൻസിലേക്കു ഇപ്പോൾ പോകുന്നതെന്തിന്നാണു്; യുദ്ധകാലമായതുകൊണ്ടു സൎവ്വാധിപതി (Dictator) യുടെ ഒരു പ്രത്യേക സമ്മതം കൂടാതെകണ്ടു പോകാൻ പാടില്ലെന്നറിയാമല്ലോ" എന്നെല്ലാം ചോദിച്ചു.

സ്നേഹിതൻ: ഇതൊന്നും അറിയാൻ എനിക്കിടയായിട്ടില്ല. ഒരു രോഗിയെ ഫ്രാൻസിലേക്കു അടിയന്തരമായി കൊണ്ടുപോകേണ്ടതായുണ്ടു്. അയാൾക്കു ഇവിടെവെച്ചു മരണം സംഭവിച്ചാൽ, ഒരു മഹായുദ്ധത്തിന്നു അതുതന്നെ മതിയായ കാരണമാകും.

ഉദ്യോഗസ്ഥൻ: ആ രോഗിയാരാണു്.

സ്നേഹിതൻ: നിങ്ങളുടെ ഓരോ ചോദ്യവും രോഗിയെ മരണത്തോടടുപ്പിക്കുകയായിരിക്കും. പേരും വിവരങ്ങളുമെല്ലാം പറഞ്ഞുവരുമ്പോഴേക്കു അപകടം വല്ലതും വന്നാൽ, പിന്നെ ഉത്തരവാദം നിങ്ങൾക്കായിരിക്കും. ഫ്രാൻസിൽ എണ്ണപ്പെട്ട ഒരാളാണു് അദ്ദേഹമെന്നു മാത്രമേ തല്ക്കാലം ഞാൻ പറയുന്നുള്ളൂ. ഒരു ചതിപ്രയോഗത്തിന്റെ ഫലമായിട്ടാണു് അയാൾക്കു ഈ ആപത്തു വന്നിട്ടുള്ളതും. അതുകൊണ്ടു കാൎയ്യത്തിന്റെ ഗൌരവം നല്ലവണ്ണം മനസ്സിലാക്കീട്ടു വേണം എന്റെ അപേക്ഷയെ നിരസിക്കുവാൻ. തല്ക്കാലം ഈ സംഭാവന സ്വീകരിച്ചു, ഒരു സഹോദരന്റെ ജീവനെ രക്ഷിക്കുക.

നാണ്യങ്ങൾ കണ്ടു കണ്ണു മയങ്ങിയ ഉദ്യോഗസ്ഥൻ, "അദ്ദേഹമെവിടെ" എന്നു ഉടനെ ചോദിച്ചു.

സ്നേഹിതൻ: കാറിലുണ്ടു്. രോഗിയെ എടുത്തുകൊണ്ടുവരാനുള്ള ഉപകരണങ്ങൾ കൂടി വേണം.

ഉദ്യോഗസ്ഥൻ: ഓ, ഉടൻ ഏൎപ്പാടു ചെയ്യാം.

അവിടന്നങ്ങോട്ടു വിഷമങ്ങളൊന്നുമുണ്ടായില്ല. ഉദ്യോഗസ്ഥന്റെ കീഴിലുള്ളവൎക്കു ഒരു കുടിക്കുള്ള വട്ടം കൂടി കൂട്ടിയപ്പോൾ കാൎയ്യങ്ങളെല്ലാം അതിവേഗത്തിൽ കലാശിച്ചു. ചടങ്ങുകളെല്ലാം കഴിഞ്ഞു, ചാരപ്രമാണിയും സ്നേഹിതനും അന്നു് ഒടുവിൽ പുറപ്പെടുന്ന വിമാനത്തിൽ കയറി. അതിനുശേഷമാണു് അപകടങ്ങൾ വേറെയും ചിലതുണ്ടെന്നു മനസ്സിലായതു്. തലേദിവസം വൈകുന്നേരം തന്നെ വിമാന സൎവ്വീസു തുടരുന്നതു ആപൽകരമാണെന്നും, ഫ്രാൻസും ഇററലിയും തമ്മിൽ ശത്രുഭാവം കൈക്കൊണ്ടിരിക്കുന്നുവെന്നുമുള്ള വൎത്തമാനം അധികൃതന്മാൎക്കു കിട്ടി. ശത്രു വിമാനങ്ങൾ വഴിക്കു കണ്ടുമുട്ടിയാൽ, വിമാന സഞ്ചാരികൾ "സഞ്ചാര"ത്തിലാകുമെന്നു പറയേണ്ടതില്ലല്ലോ. തന്നാൽ കഴിയുന്നത്ര ശ്രമിച്ചു നോക്കാമെന്നു ധൈൎയ്യസമേതം ഉറപ്പു പറഞ്ഞുകൊണ്ടു പൈലട്ട് വിമാനത്തിൽ കയറി. അവർ യഥാകാലം പാരീസിലെത്തി.

പാരീസിലെത്തിയ ഉടൻ തന്നെ വിദഗ്ദ്ധനായ ഒരു ഡാക്ടറുടെ അടുക്കൽ നമ്മുടെ ചാരപ്രമാണിയെ കാണിച്ചു. ഡാക്ടറുടെ അഭിപ്രായം കേട്ടപ്പോഴാണു് തനിക്കു നേരിട്ട ആപത്തിന്റെ ഗൌരവം അയാൾക്കും സ്നേഹിതനും മനസ്സിലായതു്. ഏത്രയോ അനിവാൎയ്യമായ ആപത്തിലെത്തിക്കുമായിരുന്ന അത്ര കടുത്ത വിഷമാണു് അയാൾക്കു കൊടുത്തിരിക്കുന്നതെന്നും, മരണത്തിൽനിന്നു രക്ഷപ്പെട്ടതു എത്രയും അത്ഭുതാവഹമാണെന്നും, ഉടനടി വേണ്ട ചികിത്സ ആരംഭിക്കേണ്ടതിന്നു രോഗിയെ ആസ്പത്രിയിലാക്കണമെന്നും ഡാക്ടർ അഭിപ്രായപ്പെട്ടു. ഡാക്ടറുടെ നിർദ്ദേശപ്രകാരം രോഗിയെ ആസ്പത്രിയിലാക്കി.

ഡാക്ടരുടെ വിദഗ്ദ്ധ ചികിത്സയിലും പരിചരണത്തിലും രോഗി നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു വന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം ആസ്പത്രിയിലെ സന്ദൎശകരുടെ കൂട്ടത്തിൽ, ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു. അതികൌശലക്കാരിയായ ഒരു സ്ത്രീയാണെന്നു അവരുടെ മുഖലക്ഷണം തന്നെ വിളിച്ചു പറഞ്ഞിരുന്നു. പ്രസ്തുത സന്ദൎശക, രോഗിയുടെ സമീപം വന്നുനിന്നു, അയാളെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. നമ്മുടെ ചാരപ്രമാണിക്കു വിഷം കലൎത്തി പാനീയം കൊടുത്ത വഞ്ചകിയാണിവരെന്നു വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. തന്റെ ദ്രോഹക്രിയയിൽ പ്രാണഹാനി നേരിട്ടിരിക്കുമെന്നു വിശ്വസിച്ചിരുന്ന ഈ ഇംഗ്ലീഷു ചാരപ്രമാണി, അപായഘട്ടത്തിൽനിന്നു രക്ഷപ്പെട്ടു, ഇന്നത്തെ നിലയിലിരിക്കുന്നതു കണ്ടപ്പോൾ, നമ്മുടെ വഞ്ചകിക്കു സാമാന്യത്തിലധികം ആശ്ചൎയ്യവും, കുണ്ഠിതവും, കോപവും ഉണ്ടായി. അവരങ്ങിനെ വികാരകലുഷിതയായി നില്ക്കുമ്പോൾ, ഒരു കാറിന്റെ ശബ്ദം കേട്ടു. അല്പസമയത്തിനുള്ളിൽ നമ്മുടെ രോഗിയുടെ സ്നേഹിതനായ ക്ഷുരകപ്രമാണി ആ മുറിക്കുള്ളിലേക്കു കയറിവന്നു. ഇവർ രണ്ടു പേരും അന്യോന്യം കണ്ടമാത്രയിൽ പ്രസ്തുത സ്ത്രീ, കുറച്ചു കൂടി അസ്വസ്ഥയായി, മുറിവിട്ടു പുറത്തേക്കു വന്നു തന്റെ കാറിൽ കയറി ഓടിച്ചു പോകുകയും ചെയ്തു. (തുടരും.)



ചക്രവൎത്തി തിരുമനസ്സുകൊണ്ടു വിങ്ങ് കമ്മാൻഡർ ആർ. എൻ. ബടേസൻ (R N. Batesan) ഡി. എസ്. ഓ. ഡി. എഫ്. സി. യോടു സംസാരിക്കുന്നു.

# തച്ചോളി ചന്തു

## പുരാതന കേരളീയ യോദ്ധാവിൻെറ ചരിത്രാംശം

(ശ്രീ കെ. പി രാഘവൻ, വൈത്തിരി)

(തുടർച്ച)

### രംഗം VI

(തുളുനാടൻ കോട്ടയുടെ ഒരു മാളികമുറി—മാതു മഞ്ചത്തിന്മേൽ കിടക്കുന്നു. തിരശ്ശീല ഉയരുന്നു. ഒരു ഭാഗത്തുക്കൂടി കണ്ടർ മേനവൻ പ്രവേശിച്ച് മാതുവിൻെറ കൈ പിടിക്കുവാൻ ഭാവിക്കുന്നു.)

മാതു: ദയവുചെയ്തു എന്നെ തൊടരുതേ!

മേനവൻ: എന്തുകൊണ്ട്? നീ എൻെറ അധീനത്തിലായാൽ പിന്നെ എതിർക്കുള്ളവളല്ലെ.

മാതു: ശരിതന്നെ. പക്ഷെ എനിക്കു ഏഴു ദിവസത്തെ ഒരു വ്രതമുണ്ട്. അതു കഴിയുന്നതുവരെ എന്നെ തൊടരുതേ. അതുമാത്രമാണു എൻെറ അപേക്ഷ.

മേനവൻ: ഹേ! തരുണീരത്നമേ! ചന്തു വരുമെന്നു കരുതി നീ കാത്തിരിക്കണ്ട. ചന്തു വന്നാൽതന്നെ തുളുനാടൻ കോട്ടയോടു തോററവരല്ലെ ഉള്ളു. കള്ളത്താപ്പലതുമുള്ളതായ കോട്ടയാണ്. അഥവാ ഒരുവൻ കോട്ടയിൽ കടന്നാൽ അവൻ ജീവനോടുകൂടി പുറത്തുപോവാറ് പതിവില്ല. അതിനാൽ ചന്തുവിനെപ്പററി ഇനി ചിന്തിക്കരുതേ.

(മാതു ഒന്നു ചിരിച്ചു. തിരശ്ശീല വീഴുന്നു.)

### രംഗം VII

(അതിരാളൻ മല)

(സന്ന്യാസിവേഷത്തിൽ ചന്തുക്കുറുപ്പു പ്രവേശിക്കുന്നു.)

ചന്തു: (ആത്മഗതം) ഹാ, ദൈവമേ! പെണ്ണെന്നും ചൊല്ലി മരിക്കാനാണൊ എൻെറ വിധി? എൻെറ കാരണവർ ഒതേനക്കുറുപ്പുപോലും ആ കാണുന്ന കോട്ടയോടു തോററു മടങ്ങുകയാണുണ്ടായതു്. ചതിപ്രയോഗമുള്ളതായ കോട്ടയാണതു്. പീരങ്കികൾ നാലെണ്ണം അതാ കൊമ്പനാനയുടെ കൊമ്പുപോലെ പുറമേക്കു തള്ളിത്തുറിച്ചുനില്ക്കുന്നു. പന്തീരായിരം കാലാൾ പടയാണ് അവിടെ കാണുന്നതു്. ഇത്രയാക്കെ വമ്പരായ ഒരുവനോടു ഞാനെങ്ങനെ ഒററക്കു എതിരിടും? ഏതായാലും അവനോടു എതിർക്കുകതന്നെ. പടയിൽ പൊരുതി മരിച്ചാൽ വീരസ്വർഗ്ഗം പ്രാപിക്കുന്നതാണ്. തിരികെ പോകുന്നതിനേക്കാൾ ആത്മഹത്യയാണുത്തമം. ഏതായാലും കോട്ടയോടെതിർക്കുകതന്നെ. (പോകുന്നു.)

ചന്തു: (കോട്ടയുടെ പടിപ്പുരക്കൽ എത്തിയതായി നടിച്ചുകൊണ്ട്) ഓം ശിവായ നമഃ ശുഭം ഭവതു കല്ല്യാണം.

മേനവൻ: ഹേ—സന്ന്യാസിപ്രവരരേ! അവിടുന്നാരാണ്? ഇവിടെ എത്തുവാനും ഈ വഴി വരുവാനും കാരണം എന്തു?

സന്ന്യാസി: ഹേ! രാജാധിരാജാ! ഞാൻ കാശി, ഗോകർണ്ണം, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങൾ ദർശനം കഴിച്ചു വരുന്ന വഴിയാണ്. ഇനി മൂകാംബിക്കു പോകേണമെന്നു കരുതി വരുംവഴി ഇന്നത്തെ ഭക്ഷണം എവിടെനിന്നു കിട്ടുമെന്നു ചിലരോടൊക്കെ അന്വേഷിച്ചു. അപ്പോഴാണ് ഇവിടെ വന്നാൽ എല്ലാ സൌകര്യങ്ങളും കിട്ടുമെന്നറിഞ്ഞതു. അതാണിങ്ങോട്ടു വരുവാൻ ഇടയായതും.

മേനവൻ: വരട്ടെ, അവിടുത്തെ കയ്യിൽ കാണുന്ന മുരുടയിൽ എന്തൊന്നാണുള്ളതു്.

സന്ന്യാസി: അതു കാശിതീർത്ഥമാണ്.

മേനവൻ: എന്നാൽ കുറച്ചിവിടെ തരുന്നതിന്നു വല്ല വിരോധവുമുണ്ടോ?

സന്ന്യാസി: എന്തു വിരോധം, ഇതാ എടുത്തോളു (കാശിതീർത്ഥവും പുഷ്പങ്ങളും കൊടുക്കുന്നു.)

മേനവൻ: ശരി, നിങ്ങൾ പോയി കുളിച്ചു വരുവിൻ. അതാ കാണുന്നു കുളം.

സന്ന്യാസി: എന്നാൽ അങ്ങിനെയാവട്ടെ ഞാൻ കുളിച്ചുവരാം. പോകുന്നു.

(തിരശ്ശീല)

### രംഗം VIII

(കുളക്കടവു)

(കുളികഴിഞ്ഞു സന്ന്യാസി കഞ്ചാവിൻ കുടുക്കയെടുത്തു കഞ്ചാവു വലിക്കുന്നു. മേനവനും മാതുവും മാളികമുകളിൽ നോക്കിനില്ക്കുന്നു. മാതു പുഞ്ചിരിയോടെ സന്ന്യാസിയെ കടാക്ഷിക്കുന്നു. സന്ന്യാസി കഞ്ചാവു വലിച്ചു പുകവിടുന്നു. പുകയാൽ കോട്ട മുഴുവനും മൂടപ്പെടുന്നു)

മേനവൻ: അല്ലയോ മാതുവേ! ഇതെന്തൊരാശ്ചര്യം! സന്ന്യാസിവര്യൻ കുളക്കടവിൽനിന്നു കഞ്ചാവു വലിച്ചുവിട്ട പുകയാൽ നമ്മുടെ കോട്ട മുഴുവനും മൂടപ്പെട്ടുവല്ലൊ. അനേകം സന്ന്യാസിമാരെ ഞാൻ കണ്ടിട്ടുണ്ട്. ഇത്തരം ഒരാളെ കണ്ടിട്ടില്ല.

മാ: (ചിരിച്ചുകൊണ്ട്) അദ്ദേഹം ഒരു മാനുഷനായിരിക്കാം. താങ്കളുടെ ധർമ്മം പരിശോധിക്കാൻ പരമശിവൻ തന്നെ സന്ന്യാസിയായി വന്നുകൂടെന്നില്ലല്ലൊ. (ആത്മഗതം) കോട്ടയിൽ കൊമ്പൻ കടന്നു. ഇനി നിൻെറ തല തെറിക്കുവാൻ കാലവുമായി.

(സന്ന്യാസി മാറാപ്പുകെട്ടുമായി വരുന്നു.)

മേനവൻ: ഹേ! സന്ന്യാസിവര്യാ! അവിടുന്നു ഭക്ഷണം കഴിച്ചുവന്നാലും (സന്ന്യാസി ഭക്ഷണം കഴിച്ചു മേനവനുമായി ഓരോ തത്വവാദങ്ങൾ ചെയ്തു സമയം രാത്രിയാവുന്നു.) അവിടുന്നു പടിപ്പുരയിൽ കിടക്കുന്നതാണു നല്ലതു്.

സന്ന്യാസി: അയ്യൊ! അരുതു്. താങ്കൾക്കു വല്ല ശത്രുക്കളുമുണ്ടെന്നു് വരികിൽ ആദ്യം പടിപ്പുരയിൽ കിടക്കുന്ന എന്നെയാണ് അമർത്തുക.

മേനവൻ: എന്നാൽ ഗോപുരവാതുക്കൽ കിടക്കാം.

സന്ന്യാസി: അപ്പോൾ താങ്കളുടെ കാവൽ ഭടന്മാർ എന്നെക്കാണുന്നപക്ഷം കള്ളനാണെന്നുംപറഞ്ഞു കൊല്ലുകയോ ഉപദ്രവിക്കുകയോ ചെയ്യും.

മേനവൻ: എന്നാൽ പിന്നെ നിങ്ങൾ എവിടെയാണു കിടക്കുന്നതു്.

സന്ന്യാ: താങ്കളുടെ മാളികയുടെ കോണിപ്പടിയുടെ താഴെ കിടക്കാം. എന്നാൽ ഒന്നും ഭയപ്പെടുവനില്ല.

മേനവൻ: എന്നാൽ അങ്ങിനെയാവട്ടെ.

(സന്ന്യാസി കോണിപ്പടിയുടെ താഴെയും, മേനവൻ മാളികമുകളിലും പോകുന്നു.)

(തിരശ്ശീല വീഴുന്നു)

### രംഗം IX

(സമയം അർദ്ധരാത്രി)

(സന്ന്യാസി വേഷം മാറുന്നു—ഒന്നാന്തരം പടക്കുറുപ്പിൻെറ വേഷങ്ങൾ ചമയുന്നു—വാളും പരിചയും തൊഴുതെടുത്തു മാളികമുകളിൽ കയറുന്നു.)

ചന്തു: ഹാ! എൻെറ മലയിൽ പെററമ്മ മലങ്കുറത്തിയും, കളരി പരമ്പര ദൈവങ്ങളും, മററു മൂർത്തികളും എന്നെ ഇവിടെ കടാക്ഷിക്കണം. പീരങ്കി നാലിലും വെള്ളം നിറക്കുകയും, ബാക്കി വലിയ തോക്കു നാലും അകത്തേക്കു തിരിക്കുകയും, പട്ടാളം മുഴുവനും ഗാഢനിദ്ര പ്രാപിക്കയും വേണം. അല്ലാത്തപക്ഷം, കളരികാരണവന്മാരുടെയും കുലദൈവങ്ങളുടെയും തറവാട്ടിൻെറയും പേരും പെരുമയും നശിക്കുന്നതാണ്. (ഒന്നാം വാതില്ക്കൽ ചെന്നെത്തുന്നു.) അയ്യൊ, വലഞ്ഞല്ലോ ഇവിടെ കാലുവെക്കാൻ വയ്യ. മുള്ളാണി മലരാണി തറച്ചിട്ടുണ്ട്. കൂടാതെ വാതിൽ തലങ്ങും വിലങ്ങും ചങ്ങല ഇട്ടു പൂട്ടിയിരിക്കുന്നു. ഞാനെങ്ങിനെ കടക്കും.

(ദുഃഖിച്ചിരുന്നുകൊണ്ടുറങ്ങിപ്പോയി. സ്വപ്നത്തിൽ മലങ്കുറത്തിയെ കാണുന്നു.)

മലങ്കുറത്തി: ഹേ! കുറുപ്പേ! എന്തുറക്കമാണിതു്. ഇതാ വാതിലൊക്കെ തുറന്നിരിക്കുന്നു. അകത്തുള്ള പട്ടാളം മുഴുവനും നശിച്ചിരിക്കുന്നു. എഴുന്നേല്ക്കു, ഇങ്ങിനെ വ്യസനിച്ചു ഉറങ്ങുവാനാണോ നീ ഇവിടെ വന്നതു്. ഇതാണൊ പുരുഷധർമ്മം? ഇതാണോ ഒരു പടയാളിയുടെ ധർമ്മം? ഉണരുക, ഉത്സാഹിച്ചു പ്രവർത്തിക്കുക.

ചന്തു: (ഞെട്ടി ഉണർന്നു നാലു ഭാഗവും നോക്കുന്നു. ആരേയും കാണുന്നില്ല. കോട്ടവാതിലുകൾ ഒക്കെയും തുറന്നുകിടക്കുന്നു. ഉടനെ എഴുന്നേററു നടന്നു. പട്ടാളം തലങ്ങും വിലങ്ങും കിടന്നു മരിച്ചിരിക്കുന്നു. ഒടുവിൽ കണ്ടർമേനവൻെറ ഉറക്കറയിൽ കടക്കുന്നു. മേനവനെ കണ്ടു ഉടൻ വാൾ ഓങ്ങി വെട്ടുവാൻ ഭാവിക്കുന്നു.) ഛെ! അരുതു്, ചതിയിൽ കൊല്ലുന്നതു് ഒരു പടക്കുറുപ്പിന്നു ചേർന്നതല്ല. നേരിട്ടുനിന്നു പൊരുതി മരിക്കുന്നതാണല്ലോ യോദ്ധാവിൻെറ ധർമ്മം. ഏതായാലും മാതുവിൻെറ കിടപ്പറയിൽ പ്രവേശിക്കുക തന്നെ. (ചന്തു മാതുവിൻെറ കട്ടിലിന്മേൽ ചെന്നിരുന്നു മാതുവെ ഉണർത്തി.)

മാതു: അല്ല, ഇതെങ്ങിനെ കടന്നുവന്നു? പട്ടാളങ്ങൾ ഒക്കെയും കാവലില്ലെ?

ചന്തു: പട്ടാളം പന്തീരായിരവും കഥ കഴിഞ്ഞു കിടക്കുന്നു. ഇനി അതിനെപ്പററി ചിന്തിക്കേണ്ട. വരു നമുക്കു താഴത്തേക്കു പോകാം. കഥ പറയേണ്ട സമയമല്ല ഇതു്.

(മാതുവിന്റെ കയ്യും പിടിച്ച് ചന്തു കോവണിപ്പടി ഇറങ്ങിവരുന്നു. മാതുവെ ഒരു ചാക്കിൽകെട്ടി തലക്കുവെച്ചു കിടക്കുന്നു.)

മേനവൻ: (പെട്ടെന്നു ഞെട്ടി ഉണർന്നു മാതുവിനെ നോക്കുന്നു. കാണുന്നില്ല. എഴുന്നേററു കോട്ട മുഴുവൻ ചുററിനടക്കുന്നു. പട്ടാളം മുഴുവനും ശവശരീരങ്ങൾ. വലിയ തോക്കു നാലിലും വെള്ളമൊഴിച്ചിരിക്കുന്നു. ഉടനെ താഴെ ഇറങ്ങിവന്ന് സന്ന്യാസിയോടായിട്ടു) ഹേ! നിങ്ങൾ ഈ മുറിയിൽ കിടന്ന പെണ്ണിനെ കണ്ടുവോ?

സന്ന്യാ: എന്തു പെണ്ണ്, ഏതു പെണ്ണു, നിങ്ങൾ പറയുന്നതു മനസ്സിലാവുന്നില്ലല്ലോ?

മേനവൻ: നിങ്ങൾ അറിയാതെ അവൾ പോവുകയില്ല. പെണ്ണ് എന്റെ ഭാര്യതന്നെ.

ചന്തു: (എഴുന്നേററു ചാക്കിൽനിന്നു മാതുവെ പുറത്താക്കുന്നു. അങ്കക്കലിയാൽവിറച്ചുകൊണ്ടു) എടാ വരുത്തിക്കള്ളാ! ഇതാണോ നിന്റെ പെണ്ണ്? തച്ചോളി ചന്തുവിന്റെ ഭാര്യമാതു നിന്റെ പെണ്ണോ? എവിടുന്നാണെടാ നിനക്കു ഭാര്യ? ആണത്വമുള്ളവനെങ്കിൽ ഇറങ്ങു പുറത്ത്. നാം തമ്മിൽ ഒരു കയ്യു നോക്കിക്കളയാം.

(മേനവൻ അരിശം ചൊടിച്ച് വാളും പരിചയുമെടുത്തു, പടക്കളിമുററത്തു ചാടി വീഴുന്നു. ഈററുപുലിപോലെ ചന്തുവും ചാടുന്നു. യുദ്ധം ഭയങ്കരമായി; രാമരാവണയുദ്ധംപോലെയോ, മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടുംപോലെയോ പുലർകാലംവരെ നടക്കുന്നു. അവസാനം മേനവൻ തളർന്നുപോയി. ചന്തു പൂഴിഅങ്കമെന്ന അടവെടുത്ത്, ചുരികയിൽ മണ്ണെടുത്ത്, മേനവന്റെ മുഖത്തെറിഞ്ഞു, പകിരിതിരിഞ്ഞൊന്നു വെട്ടി, മേനവൻ ഒമ്പതു മുറിയായി നിലത്തു വീണു.)

മാതു: ആവൂ, കാര്യം ഇങ്ങിനെയാണോ കലാശം! (ഉടനെ അകത്തുപോയി കാച്ചി തണുത്ത പാൽ കൊണ്ടുവന്നു ചന്തുവിന്നു കൊടുത്തു.)

(തിരശ്ശീല)

## രംഗം X

(നാടുവാഴിയും പടനായന്മാരും വരുന്നു. തിരശ്ശീല പൊന്തുന്നു.)

ചന്തു: എന്തിനാണ് നാടുവാഴിയും നായന്മാരും വന്നിട്ടുള്ളത്? ഒരു കയ്യ് നോക്കേണമെന്നുണ്ടോ?

നാടു: ഓ ഹോ! ചന്തുവാണോ ഇത്? നീയ് കോട്ടക്കു വന്നതു ഞാനറിഞ്ഞില്ല. എന്നാൽ ഞാൻ എന്റെ പട്ടാളത്തെ പിന്തിരിക്കുന്നു. (പട്ടാളം പോകുന്നു.) (ദൂരെ നോക്കീട്ടു) അതാ ഒതേനക്കുറുപ്പും കണ്ടാച്ചേരി ചാപ്പനും അല്ലെ ബദ്ധപ്പെട്ടു വരുന്നത്? (കുറുപ്പ് വന്നു പടി കയറുന്നു. ചന്തുക്കുറുപ്പു ഉടനെ അമ്മാമന്റെ കാലിൽ വീണു നമിക്കുന്നു. കുറുപ്പു ചന്തുവെ പിടിച്ചെഴുന്നേല്പിച്ചു).

കുറുപ്പ്: ചന്തു! അനവധി കാലമായി ഞാൻ തുളുനാടൻ കോട്ട പിടിക്കുവാൻ ആഗ്രഹിച്ചിട്ട്. എന്നാൽ എന്നെക്കൊണ്ടതു സാധിച്ചിട്ടില്ല. എന്റെ അനന്തരവനായ നിന്നാൽ അതും ഇന്നു സഫലമായി. നിനക്കു ദൈവം ദീർഘായുസ്സു തരട്ടെ! നിന്റെ പൌരുഷം കുന്നത്തുവെച്ച വിളക്കുപോലെ കെടാവിളക്കായി ഉജ്ജ്വലിക്കുമാറാകട്ടെ! എന്നാൽ കാര്യം ഇങ്ങിനെ ഒക്കെ നടന്നു. ഇനി നമുക്കു പോകാം.

ചന്തു: അങ്ങിനെയാവട്ടെ. എന്നാൽ പുറപ്പെടുക തന്നെ. ഹേ! കാര്യസ്ഥന്മാരെ! എല്ലാം നല്ലവണ്ണം നോക്കിക്കൊള്ളുവിൻ. പാട്ടം, വാരം മുതലായതു ഇനി തച്ചോളി മേപ്പക്കു എത്തിക്കണം. ഞങ്ങൾ പോവുന്നു. (എല്ലാവരും പല്ലക്കിൽ കയറുന്നു.)

(തിരശ്ശീല വീഴുന്നു.)

— ശുഭം —

# പ്രേമസാമ്രാജ്യം

(ശ്രീ കെ. ജി. നായർ)

ചന്ദ്രാ! നമസ്കാരം! കോമളമായ നിൻ
ചന്ദ്രവദനം കൊതിക്കുന്നു ഞാൻ.
കാലമൊട്ടേറെയായെങ്കിലും ചന്ദ്രന്റെ-
പൂബിംബമെൻമനോദർപ്പണത്തിൽ
മിന്നിത്തെളിഞ്ഞതാ കണ്ടുഞാനിണ്ടലാ-
ർന്നിങ്ങു ദിനങ്ങൾ കഴിച്ചിടുന്നു.
ദുഷ്ടജനങ്ങൾ പറഞ്ഞു പരത്തുന്ന
കഷ്ടമാം വാക്കുകളെന്തസഹ്യം!
കേട്ടു സഹികെട്ടെൻ ജ്യേഷ്ഠസഹോദരൻ
നാടുവിട്ടിട്ടൊരു മാസമായി.
നമ്മുടെ മേളനമാഘോഷിച്ചീടുവാ-
നുണ്ടാശയച്ഛനും മാതുലനും.
കൊച്ചിയിൽനിന്നന്നു വന്നുപോൽ വദ്ധ്യാരായ്-
ഇച്ഛിച്ചു വേൾക്കാനായെന്നെയേകൻ.
കഷ്ടമെനിക്കവൻ ഭർത്താവായിടുവാ-
നിച്ഛയശേഷവുമില്ല തന്നെ.
ചൊല്ലിഞാനെന്മനോവാഞ്ഛിതമൊക്കയും
കില്ലെന്ന്യേ മാതൃസവിധത്തിങ്കൽ.
ഒന്നും തെല്ലാശ്വാസമിന്നെനിക്കേകുവാൻ-
ചൊന്നതില്ലെന്നുടെയമ്മപോലും.
ബന്ധുക്കളിന്നെന്നെ ഭസ്മീകരിക്കുമാ-
റുണ്ടിതാ നോക്കുന്നു കോപത്തോടെ.
വെന്തുരുകുന്നെന്റെ മാനസം, ശാന്തിക്കോ-
ചന്ദ്രന്റെ ദർശനമൊന്നുമാത്രം.
എന്നു വരും ഭവാനെന്നറിയിക്കിലോ-
വന്നു ഞാൻ സ്റ്റേഷനിൽ കാത്തുനില്ക്കാം.
എന്നറിയുന്നവർ മൂഢർ, കുബുദ്ധികൾ
പ്രേമസാമ്രാജ്യവിപുലഭാവം.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.